Online Edition: www. sudinamdaily.com. Email:sudinamdaily@gmail.com

# സുദിനം

കണ്ണൂരിന്റെ പത്രം

21 ബുധൻ 2024 ആഗസ്ത്

ചിങ്ങം 05 സഫർ 15

പുസ്തകം 47, ലക്കം 193 സ്ഥാപക പത്രാധിപർ: മനിയേരി മാധവൻ, പി.ബി. നമ്പർ-58, സുദിനം കോമ്പൗണ്ട്, ഫോർട്ട്റോഡ്.

പേജ് 4 വില 5 രൂപ

## കെ.പി.സാജു വീണ്ടും ഭരണസമിതിയിൽ

**തലശ്ശേരി:** ഇന്ദിരാ ഗാന്ധി സഹകരണാശുപത്രി പ്രസിഡണ്ട് സ്ഥാനവും ഡയരക്ടർ സ്ഥാനവും രാജിവെച്ച കെ.പി. സാജുവിനെ ഇന്ന് ചേർന്ന അടിയന്തര യോഗത്തിൽ വീണ്ടും ഡയരക്ടറായി നോമിനേറ്റ് ചെയ്തു. പ്രസിഡണ്ടിനെതിരെ സഹകരണ വകുപ്പ് ജെ.ആറിന് പരാതി നൽകിയ രണ്ട് വനിതാആശുപത്രി ഡയരക്ടർമാരുൾപ്പെട്ട അഡ്വ. സി.ടി.സജിത്ത്, ദിലീപൻ മാസ്റ്റർ തുടങ്ങി 4 പേരും യോഗത്തിൽ ഹാജരായി ഒപ്പ് വെച്ച ശേഷം യോഗത്തിൽ നിന്നും ഇറങ്ങിപ്പോയി. സാജുവിനെ വീണ്ടും ആശുപത്രി പ്രസിഡണ്ടായി തിരഞ്ഞെടുക്കു മെന്നാണ് സൂചനകൾ. അതിനിടെ കെ.പി. സാജുവിനെതിരെ അഴിമതി ആരോപണവുമായി ആശുപത്രി മെമ്പർ എന്ന് പറയുന്ന ഇ. കെ.പവിത്രൻ ഇന്ന് വാർത്താ സമ്മേളനം നടത്തി. കടവത്തൂർ സഹകരണ ബേങ്കിന്റെ ഡയരക്ടർ കൂടിയാണ് പവിത്രനത്രെ. നേരത്തെ കോൺഗ്രസ്സ് പ്രവർത്തകനായ പവിത്രൻ നിലവിൽ സി.പി.എം.പ്രവർത്തകനുമാണ്.

## ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പ്

# ജില്ലാ കലക്ടറുടെ ജപ്തി നടപടിക്ക് ജില്ലാ കോടതിയുടെ അംഗീകാരം




**തലശ്ശേരി:** ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പിൽ ഓഹരി ഉടമകൾക്ക് നിക്ഷേപതുക തിരിച്ച് നൽകാനായി കണ്ണൂർ ജില്ലാ കലക്ടർ അരുൺ കെ.വിജയൻ നടത്തിയ ജപ്തി നടപടികൾക്ക് ജില്ലാ കോടതിഅനുമതി നൽകി. നിക്ഷേപ തട്ടിപ്പ് നടത്തിയ ഡയരക്ടർമാരായ ഉടമകളുടെ ഉടമസ്ഥയിലുള്ള കോടിക്കണക്കിന് രൂപ വില വരുന്ന ഭൂസ്വത്തുക്കളും, ബേങ്ക് ഇടപാടുകളുമായിരുന്നു കലക്ടർ താൽക്കാലികമായി ജപ്തി ചെയ്തിരുന്നത്. ഇത് സംബന്ധിച്ചുള്ള ഒട്ടേറെ രേഖകളും പ്രോസിക്യൂഷന്റെ ദിവസങ്ങളോളം നീണ്ട വാദമുഖങ്ങളുമൊക്കെ പരിശോധിച്ച ശേഷമാണ് വിചാരണ കോടതി കണ്ണൂർ കലക്ടറുടെ ജപ്തി നടപടികൾ ശരിവെച്ചതും. നാലാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് ജെ. വിമൽ മുമ്പാകെയാണ്കലക്ടറുടെ ജപ്തി നടപടികൾ സംബന്ധിച്ചുള്ള



അഡീ.ജില്ലാ സെഷൻസ് ജഡ്ജ് ജെ. വിമൽ

ഹരജികൾ പരിഗണിച്ച് തീർപ്പാക്കിയത്.

ഫാഷൻ ഗോൾഡ് ഉൾപ്പെടെ ഒട്ടേറെ സ്വർണ്ണാഭരണ സ്ഥാപനങ്ങളും മറ്റും ആരംഭിക്കുമെന്ന് വാഗ്ദാനം നൽകിയാണ് നൂറ് കണക്കിന് ആളുകളിൽ നിന്നായി കോടിക്കണക്കിന് രൂപ സ്വരൂപിച്ച് വിശ്വാസ വഞ്ചന നടത്തിയതായിട്ടാണ് പോലീസ് കേസെടുത്തിട്ടുള്ളത്. അമ്പതോളം വരുന്ന ഡയരക്ടർമാരാണ് കേസിലെ എതിർകക്ഷികൾ. 19 കോടി 58 ലക്ഷത്തി 24 700 രൂപയുടെ ആസ്ഥിക്ക് വേണ്ടിയാണ് കലക്ടറുടെ ജപ്തി നടപടിയും. 2011 മുതൽ 2019 വരെയുള്ള കാലയളവിലാണ് നിക്ഷേപ തുകകൾ സ്വരൂപി



ജില്ലാ ഗവ.പ്ലീഡർ അഡ്വ. എ. രേഷ്മ

ച്ചതു മത്രെ. തുടർന്ന് വഞ്ചിക്കപ്പെട്ട നിക്ഷേപർ നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ വിവിധ പോലീസ് സ്റ്റേഷനുകളിൽ 168 കേസുകൾ നിലവിലുണ്ട്. എം.എൽ.എ. എം.സി. കമറുദ്ദീൻ, ടി.കെ. പൂക്കോയ തങ്ങൾ തുടങ്ങി 50 ഓളം പേരെയാണ് പോലീസ് പ്രതിപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . പോലീസ് ഓഫീസർമാരായ മുൻ ഡി.സി.പി. പി.പി. സദാനന്ദൻ, എ.സി.പി. പ്രദീപൻ കണ്ണിപ്പൊയിൽ, എം.കൃഷ്ണൻ, ചന്ദ്ര രാജ്, ജി.ഹരീഷ്, എം.വി. അനിൽ കുമാർ, എം.ഇ. രാജഗോപാൽ, സുനിൽ കുമാർ, വി.ഹംസ, എൻ.ജി.ശ്രീ മോൻ, പി.രാജേഷ്, ശ്രീജിത്ത് തുടങ്ങിയവരാണ് കേസന്വേഷണം നടത്തി കുറ്റപത്രം നൽകിയതും. 2023 ആഗസ്റ്റ് 8 നാണ് ജില്ലാ കലക്ടർ ജപ്തി നടപടികൾ സംബന്ധിച്ച് അനുമതിക്കായ് കോടതിയെ സമീപിച്ചതും. പ്രോസിക്യൂഷന് വേണ്ടി അഡീഷണൽ ജില്ലാ ഗവ.പ്ലീഡർ അഡ്വ. എ. രേഷ്മയാണ് ഹാജരായത്. 2019 ലെ ബഡ്സ് ആക്ട് പ്രകാരമാണ് ജില്ലാ കലക്ടർ

ജപ്തി നടപടികൾ സ്വീകരിച്ചത്. ഇത് സംബന്ധിച്ച് ജില്ലാ കലക്ടർ കോടതിയുടെ അനുമതിക്കായ് അപേക്ഷ നൽകിയതും. ജില്ലാ കലക്ടറുടെ ജപ്തി നടപടികൾക്ക് ജില്ലാ കോടതി അംഗീകാരം നൽകിയതിനാൽ ജില്ലാ കലക്ടർക്ക് ജപ്തി നടപടികൾ സ്ഥിരപ്പെടുത്താനാവും.

## യുവതിയുടെ സ്വർണവും പണവും തട്ടിയെടുത്ത യൂട്യൂബർ അറസ്റ്റിൽ



**ഒഞ്ചിയം:** ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട് സ്വർണവും പണവും കൈക്കലാക്കിയെന്ന ഒഞ്ചിയം സ്വദേശിനിയുടെ പരാതിയിൽ യൂട്യൂബറായ വയനാട് വാളേരി പനയൻകുന്ന് സ്വദേശി അജ്മൽ ചാലിയ (25)ത്തിനെ ചോമ്പാല പോലീസ് അറസ്റ്റുചെയ്തു.

ജൂൺ 17നും ഓഗസ്റ്റ് മൂന്നിനുമിടയിലായി 16 പവൻ സ്വർണവും 1520 രൂപയും ഒഞ്ചിയം സ്വദേശിനിയിൽനിന്ന് വാങ്ങി തിരികെ നൽകാതെ കബളിപ്പിച്ചതായാണ് പരാതി. ചോമ്പാല എസ്.എച്ച്.ഒ. ബി.കെ. സിജുവിന്റെ നേതൃത്വത്തിൽ എസ്.ഐ. വി.കെ. മനീഷും സംഘവുമാണ് അറസ്റ്റുചെയ്തത് . കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## ഇരിട്ടി ടൗണിൽ മോഷണ പരമ്പര



സി.സി.ടി.വിയിൽ പതിഞ്ഞ മോഷണ ദൃശ്യം

# കവർച്ച മൊബൈൽ കടകളിൽ ബൈക്കും കവർന്നു

**ഇരിട്ടി:** ഇരിട്ടി ടൗണിൽ മോഷണ പരമ്പര. ടൗണിൽ മേലേ സ്റ്റാന്റിൽ മെയിൻ റോഡരുകിലെ അമിഗോസ് മൊബൈൽ കട, റിങ്ങ് മി മൊബൈൽ ഷാപ്പ് എന്നിവിടങ്ങളിൽ മോഷണം നടന്നു. നിർത്തിയിട്ട ബൈക്കും കവർന്നു.

ഇന്നു രാവിലെ കട തുറക്കാനെത്തിയ പ്പോഴായിരുന്നു മോഷണം ശ്രദ്ധയിൽ പെട്ടത്. പൂട്ടു തകർത്താണ് മോഷണം. അമിഗോസ് മൊബൈൽ കടയിൽ നിന്നും നാലായിരം രൂപയും ഒരു പഴയ മൊബൈലുമാണ് നഷ്ടമായത്. റിങ്ങ് മി ഷോപ്പിൽ നിന്നും രണ്ടായിരത്തോളം രൂപയാണ് മോഷ്ടിച്ചത്. പയഞ്ചേരി വികാസ് നഗർ സ്വദേശിയുടെയാണ് മോഷണം പോയ ബൈക്ക്.

കടയിലെ സി സി ടി.വി ക്യാമറയിൽ മോഷ്ടാവിന്റെ ദൃശ്യം പതിഞ്ഞിട്ടുണ്ട്. കടയുടമകളുടെ പരാതിയിൽ ഇരിട്ടി സി. ഐ എ കുട്ടികൃഷ്ണന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി അന്വേഷണം തുടങ്ങി. വിരലടയാള വിദഗ്ദർ സ്ഥലത്തെത്തി.

ടൗണിലെ വഴിവിളക്കുകൾ കത്താത്തതാണ് ഇത്തരത്തിൽ മോഷണ പരമ്പര തന്നെ അരങ്ങേറാൻ ഇടയാക്കുന്നതെന്ന് വ്യാപാരികൾ പരാതിപ്പെടുന്നു.

## കാണാതായിട്ട് മുപ്പത് മണിക്കൂർ

# തസ്മിദിനെ കണ്ടെത്താൻ ഊർജിത അന്വേഷണം



കണ്ടെത്തിയാൽ അറിയിക്കാം - 9497960113, 9497980111

### പരിശോധന കന്യാകുമാരിയിലും നാഗർകോവിലിലും

### ട്രെയിനിൽ സഹയാത്രക്കാരിയെടുത്ത ഫോട്ടോ സ്ഥിരീകരിച്ച് രക്ഷിതാക്കൾ

### തന്നോടൊപ്പമില്ലെന്ന് സഹോദരൻ

**തിരു:** കഴക്കൂട്ടത്ത് നിന്ന് കാണാതായ പതിമൂന്നുകാരി തസ്മിത് തംസുവിനായുള്ള തിരച്ചിൽ ഊർജിതം. കുട്ടി കന്യാകുമാരിയിലുണ്ടെന്ന് സ്ഥിരീകരണത്തിലാണ് പൊലീസ്. കുട്ടിയെ കണ്ടെന്ന ഓട്ടോഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കന്യാകുമാരിയിൽ തമിഴ്നാട് പൊലീസിന്റെ വ്യാപക തിരച്ചിൽ നടക്കുകയാണ്. ആളുകൾ കൂടാൻ ഇടയുള്ള സ്ഥലങ്ങളിലും മറ്റുമാണ് പരിശോധന നടക്കുന്നത്. അതേസമയം കേരള പൊലീസും സ്ഥലത്ത് തിരച്ചിൽ നടത്തുകയാണ്.

പതിമൂന്ന് വയസുകാരി ബാംഗ്ലൂർ-കന്യാകുമാരി എക്സ്പ്രസിൽ യാത്ര ചെയ്തത് സംബന്ധിച്ച് സ്ഥിരീകരിച്ചിരുന്നു. പാറശ്ശാല വരെ കുട്ടി ട്രെയിനിലുണ്ടായിരുന്നുവെന്ന വിവരും പൊലീസിന് ലഭിച്ചിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു. കുട്ടിയെ കണ്ടത് ബീച്ച് റോഡിന്റെ അടുത്താണെന്നും ഓട്ടോ ഡ്രൈവർ മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ബീച്ച് ഭാഗത്തായാണ് തിരച്ചിൽ നടക്കുന്നത്.



ബസ് സ്റ്റാന്റിൽ ഉൾപ്പടെയാണ് പൊലീസിന്റെ പരിശോധന നടക്കുന്നത്. കുട്ടിയുടെ ഫോട്ടോ ആളുകളെ കാണിച്ചാണ് പരിശോധന. അതേസമയം പെൺകുട്ടിയുടെ ചെന്നൈയിലുള്ള സഹോദരന്റെ വിവരങ്ങൾ തേടി പൊലീസ് പരിശോധന നടത്തുകയാണ്. മാതാപിതാക്കളിൽ നിന്ന് ഫോൺ നമ്പർ അടക്കമുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

നിർണായകമായത് ട്രെയിനിൽ ബബിത എന്ന വിദ്യാർത്ഥിനി എടുത്ത ചിത്രമാണ്. നെയ്യാറ്റിൻകരയിൽ വെച്ചാണ് കുട്ടിയുടെ ചിത്രം യാത്രക്കാരി എടുത്തത്. ട്രെയിനിലിരുന്ന കുട്ടി യാത്ര ചെയ്യുന്ന ഫോട്ടോ കുട്ടിയുടെ പിതാവ് തിരിച്ചറിഞ്ഞിരുന്നു. ഇന്നലെ ഉച്ചക്ക് ഒരു മണിക്ക് കുട്ടി തിരുവനന്തപുരത്ത് നിന്ന് ബാംഗ്ലൂർ-കന്യാകുമാരി എക്സ്പ്രസ് ട്രെയിനിൽ കയറിയതായാണ് ബുധനാഴ്ച പുലർച്ചെ നാല് മണിയോടെ പൊലീസിന് വിവരം ലഭിച്ചത്. ഇത്രേ ട്രെയിനിൽ കുട്ടിയുടെ എതിർവശത്തുള്ള സീറ്റിൽ ഇരിക്കുകയായിരുന്ന ഒരു യാത്രക്കാരിയാണ് പൊലീസിന് നിർണായക വിവരം കൈമാറിയത്. ട്രെയിനിൽ വെച്ച് കുട്ടി കരയുന്നത് കണ്ടാണ് ഫോട്ടോ എടുത്തതെന്ന് യാത്രക്കാരി പറഞ്ഞു. പുലർച്ചെ എഴുന്നേറ്റ് യൂട്യൂബിൽ ചാനലുകളിലെ വാർത്ത കണ്ടപ്പോഴാണ് കുട്ടിയുടെ ഫോട്ടോ കണ്ട് സംശയം തോന്നിയത്. തുടർന്നാണ് പൊലീസിൽ വിവരം അറിയിച്ചത്. ഇന്നലെ രാത്രി കുട്ടിയെ കാണാതായ സംഭവം ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും യുവതി പറഞ്ഞു.

ഇന്നലെ രാവിലെ ഒമ്പത് മണിയോടെയാണ് തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് അസം സ്വദേശിയായ പതിമൂകാരിയെ കാണാതാകുന്നത്. ഇന്നലെ വീട്ടുകാരോട് പിണങ്ങിയാണ് കുട്ടി വീട്ടിൽ നിന്ന് ആരുമറിയാതെ പോയത്. സഹോദരങ്ങളുമായി വഴക്കിട്ട കുട്ടിയെ അമ്മ ശാസിച്ചിരുന്നു. അമ്മയും അച്ഛനും ജോലിക്ക് പോയ സമയത്താണ് കുട്ടി വീട്ടിൽ നിന്നും പോയത്. അതേ സമയം കുട്ടി മുമ്പ് ഒരിക്കലും ഒറ്റക്ക് യാത്ര ചെയ്തിട്ടില്ലെന്നും മകളെ ഉടൻ കിട്ടുമെന്നാണ് പ്രതീക്ഷയെന്നും പിതാവ് പറഞ്ഞു. വീടിന് പുറത്തേക്ക് തനിച്ച് പോകുന്ന പതിവ് ഇല്ല. ആദ്യമായാണ് കുട്ടി ട്രെയിനിൽ ഇങ്ങനെ ഒറ്റക്ക് യാത്ര ചെയ്യുന്നത്. ഇതിന് മുമ്പ് ഇങ്ങനെ എവിടേക്കും പോയിട്ടില്ല. അമ്മയോടൊപ്പം അല്ലാതെ കുട്ടി പുറത്തേക്ക് പോകാറില്ലെന്നും പിതാവ് പറഞ്ഞു.



കരയുന്നത് കണ്ട് ട്രെയിനിൽ സഹയാത്രിക പകർത്തിയ ചിത്രം

## ബി.ജെ.പി പ്രവർത്തകനെ സംഘം ചേർന്ന് വധിക്കാൻ ശ്രമിച്ച കേസിൽ വിചാരണ തുടങ്ങി

**തലശ്ശേരി:** വീട്ടു വരാന്തയിൽ ബന്ധുക്കളോടൊന്നിച്ച് ഇരുന്ന് സംസാരിക്കവെ ബി.ജെ.പി. പ്രവർത്തകനായ യുവാവിനെ സംഘം ചേർന്നെത്തിയ സി.പി.എം. പ്രവർത്തകർ മാരാകായുധങ്ങൾ കൊണ്ട് വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചു എന്ന കേസിന്റെ വിചാരണ നാലാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് ജെ. വിമൽ മുമ്പാകെ ആരംഭിച്ചു.

അഞ്ചരകണ്ടി കൊളത്ത് മലയിലെ കൊക്കുറത്ത് താഴെ വീട്ടിൽ എം.ലിജേഷ് (38) ന്റെ പരാതി പ്രകാരമാണ് പോലീസ് കേസ്. അക്രമത്തിൽ തലക്ക് സാരമായി പരിക്കേറ്റ് ഇന്ദിരാ ഗാന്ധി ആശുപത്രിയിൽ ചികിൽസയിലായിരുന്നു ലിജേഷ്. 2017 മാർച്ച് 31 ന് വൈകീട്ടാണ് കേസിനാസ്പദമായ സംഭവം.സി.പി.എം. പ്രവർത്തകരും അഞ്ചരക്കണ്ടി സ്വദേശികളുമായ കെ. നിധീഷ് (34)അനീഷ്(30) പി. ശാരന്ത് (25) സായൂജ് (30) സി. ദിദിൽ (26)അമിത്ത് (25) വിപിൻ ലാൽ ( 30 ) നിരൻ ചാലിൽ പി.ജി.രഞ്ജിത്ത് (25 ) എന്നിവരാണ് കേസിലെ പ്രതികൾ. നേരത്തെ സി.സി.എം.പ്രവർത്തകന് അക്രമത്തിൽ പരിക്കേൽക്കുകയും ചെയ്തതായി കേസുമുണ്ട്.

പോലീസ് ഓഫീസർമാരായ ഡി.വൈ.എസ്.പി.യു. പ്രേമൻ, ധർമ്മരാജൻ, ശ്രീജിത്ത്, രാകേഷ് ഡോ.പ്രേംനാഥ്, സൈന്റിഫിക് ശ്രുതി. കെ.എസ്. ജോ. ആർ.ടി.ഒ. രാധാകൃഷ്ണൻ കെ. റിയാസ്, വില്ലേജ് ഓഫീസർ സുനിൽകുമാർ, ജയന്തി, ശ്യാമള, ടി.പി. ബിജു ടി.പി. പുഷ്പജ ടി.പി. തുടങ്ങിയവരാണ് പ്രോസിക്യൂഷൻ സാക്ഷികൾ. പ്രോസിക്യൂഷന് വേണ്ടി അഡീഷണൽ ജില്ലാ ഗവ.പ്ലീഡർ അഡ്വ.എ. രേഷ്മയും പ്രതികൾക്ക് വേണ്ടി അഡ്വ.സി.കെ.രാമചന്ദ്രനുമാണ് ഹാജരാവുന്നത്.

## വിവാഹ വാഗ്ദാനം നൽകി പീഡനം; യുവാവിനും ബന്ധുക്കൾക്കുമെതിരെ കേസ്

**കണ്ണൂർ:** വിവാഹ വാഗ്ദാനം നൽകി യുവതിയെ വിവിധ സ്ഥലങ്ങളിൽ കൊണ്ടുപോയി പീഡിപ്പിച്ച ശേഷം സ്വർണ്ണാഭരണങ്ങളും പണവും തട്ടിയെടുത്തുവെന്ന പരാതിയിൽ യുവാവിനും ബന്ധുക്കൾക്കുമെതിരെ കേസ്.

കൂടാളിക്ക് സമീപത്തെ 35കാരിയുടെ പരാതിയിലാണ് പള്ളിക്കുന്ന് മുഹമ്മദ് ഷാനു വടക്കം ബന്ധുക്കൾക്കെതിരെ ടൗൺ പോലീസ് കേസെടുത്തത്. മുഹമ്മദ് ഷാനു വിവാഹ വാഗ്ദാനം നൽകി യുവതിയെ 2018 സപ്തംബർ 22 മുതൽ ഈ വർഷം ഫെബ്രവരി 28 വരെയുള്ള കാലയളവിൽ ചാലാടു വെച്ചും കർണ്ണാടകയിലെ വിരാജ് പേട്ടയിലും മറ്റും കൊണ്ടുപോയി പാർപ്പിച്ച് പലതവണ പീഡിപ്പിക്കുകയും യുവതിയുടെ കയ്യിലുണ്ടായിരുന്ന സ്വർണ്ണവും പണവും കൈക്കലാക്കി വഞ്ചിക്കുകയും ചെയ്തുവെന്ന പരാതിയിലാണ് ടൗൺപോലീസ് കേസെടുത്തത്.

KUNHAPPA TRADERS
For Paint and Hardwares Contact:
asianpaints
Berger
Room No.42,
Stadium Complex, Kannur
Phone: 0497 2700422

വാടകയ്ക്ക്
കണ്ണൂർ സൗത്ത് ബസാറിൽ മൊട്ടമ്മൽ റോഡിൽ കർഷക തൊഴിലാളി ഓഫീസിനു സമീപം മുഫീദ കോംപ്ലക്സിൽ 2-ാം നിലയിൽ ഫർണിച്ചറോടു കൂടിയ 2000 sqft ഓഫീസ് ഹാൾ, ബാത്റൂം സൗകര്യം.
9846 777 666

പി.പി.എം
ചിക്കൻ ഏജൻസി
പനങ്കാവ്, പുതിയതെരു
Mob: 9447684556,9567859292
Ph: 0497 3586503
ബ്രോയിലർ കോഴി ഇന്നത്തെ വില
ഹോൾസെയിൽ :112
ചില്ലറ വിൽപന :117
ഓർഡറുകൾ മുൻകൂട്ടി സ്വീകരിക്കുന്നതാണ്

സ്ഥലം ആവശ്യമുണ്ട്
കണ്ണൂർ അഴിക്കൽ റൂട്ടിൽ കച്ചേരിപ്പാറ/ പൂതപ്പാറ പ്രദേശത്ത് റോഡ് സൗകര്യമുള്ള വീടിന് അനുയോജ്യമായ സ്ഥലം (10 to 15 Cent) ആവശ്യമുണ്ട്
8606303940

സുദിനം ഫോൺ നമ്പറുകൾ
പരസ്യം: 0497-2961825, പരസ്യം: 0497-2702181
ന്യൂസ് : 0497-2712927, ഓഫീസ്: 6282191018



# പാചകവാതക വിതരണം സ്തംഭനത്തിലേക്ക്

ജില്ലയിൽ പാചക വാതക വിതരണം പൂർണ്ണ സ്തംഭനത്തിലേക്ക്. ലോറി ഡ്രൈവർമാരുടെ സമരം ആറാം ദിവസത്തിലേക്ക് കടന്നതോടെ ഒട്ടുമിക്ക ഏജൻസികളിലും സിലിണ്ടറുകളുടെ സ്റ്റോക്ക് തീർന്നു കഴിഞ്ഞു. സമരം ഒന്നോ രണ്ടോ നാൾ കൂടി തുടർന്നാൽ സ്തംഭനം പൂർണ്ണാവസ്ഥയിലെത്തുമെന്നുറപ്പ്. അപൂർവം ചില ഏജൻസികളുടെ ഗോഡൗണിൽ മാത്രമാണ് നിലവിൽ ഭാഗീകമായെങ്കിലും സ്റ്റോക്കുള്ളത്. ഏഴ് വർഷത്തിലേറെയായി ഒരേ തോതിൽ തുടരുന്ന വേതനം പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ടാണ് സമരം. മംഗലാപുരം സൂറത്ത് കല്ലിലെ പ്ലാന്റിൽ നിന്ന് പ്രതിദിനം ഇരുനൂറ്റി അമ്പതോളം ട്രക്കുകളിലായി സിലിണ്ടറുകൾ എത്തുന്നുണ്ട്

സി ഐ ടി യു - ബി എം എസ് യൂണിയനുകളുടെ നേതൃത്വത്തിലാണ് സമരം തുടരുന്നത്. കേരളത്തിലെത്തുന്ന ലോറികളുടെ ഉടമകൾ കേരളക്കാരല്ല . അവർ തമിഴ്നാട് , കർണ്ണാടക സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. സമരത്തിന്റെ ന്യായാ ന്യായങ്ങളെക്കാളേറെ പാചക വാതക സിലിണ്ടറുകളുടെ ക്ഷാമം ഉപഭോക്താക്കളെ എങ്ങിനെ ബാധിക്കുന്നുവെന്നതാണ് പ്രശ്നം. വീടുകളിലും ഹോട്ടലുകളിലും സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്നതാണ് പാചക വാതക സിലിണ്ടറുകളുടെ ക്ഷാമം, പാചക സംവിധാനം അപൂർവം ചില വീടുകളിലും ഹോട്ടലുകളിലും ഭാഗീകമായെങ്കിലും വിറകുകളെ ആശ്രയിച്ച് നിർവഹിക്കുന്നുണ്ടെങ്കിലും മഹാ ഭൂരിപക്ഷവും പാചക വാതക സിലിണ്ടറുകളിലേക്ക് മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ മറ്റ് ഏതൊന്നിന്റെ ലഭ്യതക്കുറവ് സൃഷ്ടിക്കുന്നതിനേക്കാൾ കൂടിയ പ്രതിസന്ധി പാചക വാതക സിലിണ്ടറുകളുടെ കാര്യത്തിൽ ഉണ്ടാകുമെന്നുറപ്പ്.

അവശ്യ വസ്തുക്കളുടെ പട്ടികയിൽ അനിവാര്യ ഘടകമായി മാറിയ പാചക വാതക സിലിണ്ടറുകൾ ലഭ്യമാകാൻ അതുകൊണ്ടുതന്നെ യുദ്ധകാലടി സ്ഥാനത്തിൽ നടപടി ഉണ്ടായേ പറ്റൂ. വിതരണം മുടങ്ങാതിരിക്കാൻ ബദൽ മാർഗ്ഗമെന്നൊക്കെ പറയുന്നത് ഏതൊരു സമരമുഖത്തെയും പോലുള്ള പൊതു വർത്തമാനമാണ്. വേണമെങ്കിൽ വാശിക്കോ അതല്ലെങ്കിൽ സമരത്തെ അവഗണിച്ചവസാനിപ്പിക്കാനോ ഭാഗീകമായൊരു ബദൽ സംവിധാനമുണ്ടാക്കാനായെന്നൊക്കെ വരും. അതുകൊണ്ട് എന്ത് കാര്യം? അത് സമര മുഖത്ത് വീറും വാശിയും കൂട്ടുമെന്നല്ലാതെ പത്തിലൊന്നു പോലും നിർവഹിക്കപ്പെടാൻ അതുവഴി കഴിയില്ല. പാചക വാതകത്തിന്റെ വില അടിക്കടി കൂട്ടിക്കൊണ്ടിരിക്കുമ്പോൾ അതിനൊത്തല്ലെങ്കിലും ഏഴ് വർഷക്കാലമായി ഒരേ വേതനമെന്നത് ഒരർത്ഥത്തിലും അംഗീകരിക്കാൻ കഴിയുന്നതല്ല . വിട്ടുവീഴ്ചാ മനോഭാവത്തോടെ ഇരുപക്ഷവും ഒന്നിച്ചിരിക്കണം. യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങൾ ഉൾക്കൊള്ളണം. അതിന് തൊഴിൽ വകുപ്പ് അധികൃതർ ഉടൻ വേദിയൊരുക്കണം. ഇല്ലെങ്കിൽ സിലിണ്ടറുകളുടെ വിതരണ സ്തംഭനം ഗുരുതര സാഹചര്യമുണ്ടാക്കും.



പാലക്കാട് മുടപള്ളൂരിൽ വച്ച് നടന്ന കേരള സംസ്ഥാന അമേചർ ബോക്സിംഗ് ചാംപ്യൻ ഷിപ്പിൽ യൂത്ത് വുമൻ 54കിലോ വെയ്റ്റ് കാറ്റഗറിയിൽ ഗോൾഡ് മെഡലും ബെസ്റ്റ് ബോക്സറുമായി തെരഞ്ഞെടുക്കപ്പെട്ട ആദിത്യ ശ്രീജിത്ത്.

## പാലിയേറ്റീവ് സെന്റർ പുതിയ ഓഫീസ് ഉദ്ഘാടനം നാളെ

**പയ്യന്നൂർ:** മുൻസിപ്പൽ മുസ്ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പയ്യന്നൂരിൽ പ്രവർത്തനമാരംഭിച്ച പൂക്കോയ തങ്ങൾ പാലിയേറ്റീവ് സെന്ററിന്റെ പുതിയ ഓഫീസ് കെട്ടിടം നാളെ രാവിലെ 10 ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. രാജ്മോഹൻ ഉണ്ണിത്താൻ എം പി , ടി ഐ മധുസൂദനൻ എം എൽ എ, അഡ്വ . അബ്ദുൾ കരീം ചേലേരി തുടങ്ങിയവർ സംബന്ധിക്കും.

വാർത്താ സമ്മേളനത്തിൽ ടി അഷറഫ്, സി പി അബ്ദുള്ള, വി കെ ഷാഫി, കാട്ടൂർ ഹംസ, കെ പി നാസർ , കെ ഖലീൽ തുടങ്ങിയവർ പങ്കെടുത്തു.

# ഹർത്താലോ? സോറി, ഞങ്ങൾക്ക് താൽപര്യമില്ല

**കണ്ണൂർ:** സുപ്രീംകോടതി വിധിക്കെതിരെ ഭീം ആർമിയും വിവിധ ദലിത് -ബഹുജൻ പ്രസ്ഥാനങ്ങളും പ്രഖ്യാപിച്ച ഹർത്താൽ ജില്ലയിൽ ഏശിയില്ല. സർക്കാർ ഓഫീസുകളും വ്യാപാരസ്ഥാപനങ്ങളും പതിവുപോലെ തുറന്നുപ്രവർത്തിച്ചു. വാഹനഗതാഗതം പൂർണമായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളും പതിവുപോലെ പ്രവർത്തിച്ചു. ജനജീവിതത്തിന് സ്തംഭനമാകുന്ന ഒന്നും സംഭവിച്ചില്ല. ഹർത്താൽ ജനം തള്ളി. കഴിഞ്ഞ ദിവസം ഉച്ചമുതൽ എല്ലാ മാധ്യമസ്ഥാപനങ്ങളിലും ഫോൺ വിളിച്ച് സംഘടന ഹർത്താലിന്റെ കാര്യം അറിയിച്ചിരുന്നു. എന്നാൽ വർഷങ്ങളായി ഹർത്താലുകളോട് മുഖം തിരിക്കാൻ പഠിച്ച ജനത ഇത് തള്ളിക്കളയുകയായിരുന്നു.

അതിക്രമങ്ങൾ ഉണ്ടായാൽ സംഘടനകളിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുമെന്ന ഹൈക്കോടതി വിധി വന്നതോടെ ഹർത്താൽ പ്രഖ്യാപിക്കാൻ മത്സരിച്ചിരുന്ന രാഷ്ട്രീയക്കാർ പിന്മാറി. നേതാക്കൾ കേസിൽ പ്രതികളാകുമെന്നായപ്പോഴാണ് അവരുടെ പിന്തിരിയൽ. അതോടെയാണ് കോടികളുടെ പൊതു നഷ്ടമുണ്ടാകുന്ന ഹർത്താലുകളെ ജനം ബഹിഷ്ക്കരിച്ചുതുടങ്ങിയത്.



വാരം ടാക്കീസിന് സമീപം ബാലകൃഷ്ണൻ -ശ്യാമള ദമ്പതികളുടെ 50 ാം വിവാഹ വാർഷികത്തിന്റെ ഭാഗമായി സി പി എം നിർമ്മിച്ചു നൽകുന്ന സ്നേഹ വീടിന്റെ നിർമ്മാണ ഫണ്ടിലേക്കുള്ള സംഭാവന സി പി എം വലിയന്നൂർ ലോക്കൽ സെക്രട്ടറി കുട്ടികൃഷ്ണൻ ഏറ്റുവാങ്ങുന്നു.

## സ്വർണം, 400 രൂപ കൂടി

**കണ്ണൂർ:** സ്വർണവില ഈ മാസത്തെ ഏറ്റവും കൂടിയ നിലവാരത്തിൽ. ഇന്ന് 400 രൂപ വർധിച്ച് 53,680 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില.

കഴിഞ്ഞ മാസം 17ന് സ്വർണ വില 55,000 രൂപയായി ഉയർന്ന് ആ മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിൽ എത്തിയിരുന്നു.

## വ്യക്തിത്വ വികസന ക്ലാസും ആദരവും സംഘടിപ്പിച്ചു

**പള്ളിക്കുന്ന് :** മദർ ചാരിറ്റബിൾ ട്രസ്റ്റ് പ്ലസ് ടു വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന ക്ലാസും സമഗ്ര സംഭാവനയ്ക്ക് ആദരവും സംഘടിപ്പിച്ചു. പള്ളിക്കുന്ന് ഹൈസ്കൂളിൽ ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി കെ സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് ചെയർമാൻ പി എൻ സത്യനാഥൻ അധ്യക്ഷം വഹിച്ചു. നീറ്റ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ശ്രീനന്ദ് ഹർഷൻ, സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ അവാർഡ് നേടിയ കണ്ണൂർ ബാലകൃഷ്ണൻ എന്നിവരെ ആദരിച്ചു. കൗൺസിലർ ടി രവീന്ദ്രൻ, ഹെഡ്മിസ്ട്രസ് ശ്രീജ പി കെ , കെ വിനോദ്, അഡ്വ. എം പി സതീശൻ തുടങ്ങിയവർ സംസാരിച്ചു.



പാലക്കാട് നടന്ന സംസ്ഥാന അമേചർ ബോക്സിംഗ് ചാംപ്യൻ ഷിപ്പിൽ ജൂനിയർ ഗേൾസ്, യൂത്ത് വുമൻ വിഭാഗത്തിൽ റണ്ണേഴ്സ് അപ്പായ കണ്ണൂർ ജില്ലാ ടീം.

## തദ്ദേശ സ്ഥാപനങ്ങളെ സർക്കാർ ഞെക്കിക്കൊല്ലുന്നു: അഡ്വ: അബ്ദുൽ കരീം ചേലേരി

**കൊളച്ചേരി:** കേരള ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്തവിധം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിണറായി സർക്കാർ ഞെക്കി കൊല്ലുകയാണെന്ന് മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ പ്രസിഡണ്ട് അഡ്വ: അബ്ദുൽ കരീം ചേലേരി പ്രസ്താവിച്ചു. കൊളച്ചേരി പഞ്ചായത്ത് മുസ്‌ലിം ലീഗ് ലീഡേഴ്സ് പാർലമെൻറ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനപ്രതിനിധികൾക്കും പ്രാദേശിക ഭരണകൂടങ്ങൾക്കും ഏറ്റവും കൂടുതൽ സഹായം ചെയ്ത കാലം ഉമ്മൻചാണ്ടി സർക്കാരിൻെറ ഭരണത്തിൽ ആയിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വയനാടിന് കൈത്താങ്ങ്



**കണ്ണൂർ:** മഹിളാ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ സദ്ഭാവന ദിനത്തിൽ വയനാട് ദുരന്തത്തിൽ ക്യാമ്പിൽ കഴിയുന്ന കുടുംബങ്ങളെ വാടക വീടുകളിലേക്ക് മാറ്റി പാർപ്പിക്കുമ്പോൾ ആവശ്യമായ ഗൃഹോപകരണങ്ങളും മറ്റ് അവശ്യ സാധനങ്ങളും മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശ്രീജ മഠത്തിലിന്റെ നേതൃത്വത്തിൽ കൈമാറി.

# മൈലാടത്തടം മൂകം... ഇനിയില്ല ഉല്ലാസം



**അഴീക്കോട്:** ഇന്നലെ വരെ മൈലാടത്തടയുടെ എല്ലാ പ്രശ്നങ്ങൾക്കും മുന്നിട്ടിറങ്ങാൻ ടി വി ഉല്ലാസൻ(48) ഉണ്ടായിരുന്നു. ഉറക്കത്തിൽ മരണം ഉല്ലാസനെ കൂട്ടിക്കൊണ്ടുപോയതറിഞ്ഞ് വിതുമ്പുകയാണ് പ്രദേശം.

വരുന്നത് ഓണമാണ്. കഴിഞ്ഞ തവണ ഓണാഘോഷത്തിനും വിഷുവിനടക്കം പരിപാടികൾ സംഘടിപ്പിക്കാൻ മുൻപന്തിയിലുണ്ടായിരുന്ന ഉല്ലാസൻ ഇനി മാഞ്ഞുപോകാത്ത ഓർമ്മയാണ്.നാട്ടുകാരുടെ എന്ത് പ്രശ്നങ്ങളിലും ഇടപെടാൻ ഉല്ലാസൻ എത്തിയിരുന്നു.

ആരെങ്കിലും മരണപ്പാട്ടാൽ ഓടിയെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച് തുടർ കാര്യങ്ങൾക്ക് നേതൃത്വം നൽകും. അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കാനും ഉല്ലാസൻ ഓടിയെത്തും. വളർത്തുമൃഗങ്ങളടക്കം കിണറ്റിലും മറ്റും വീണാൽ ധൈര്യപൂർവ്വം കിണറ്റിലിറങ്ങി പുറത്ത് എത്തിക്കാനും ഉല്ലാസനുണ്ടായിരുന്നു. വിവാഹചടങ്ങുകൾക്ക് സദ്യയൊരുക്കാനും വിളമ്പാനും ഉല്ലാസൻ ഒപ്പമുണ്ടാകും. നാട്ടുകാർ ഓർത്തെടുക്കുന്നു.

നന്മനിറഞ്ഞ ചെറിയ സേവനങ്ങൾ ജീവിതമാക്കിയ ഒരാളാണ് പാതി വയസ്സിൽ വിടപറഞ്ഞത്. ആർക്കും ഒരു വാക്കുകൊണ്ടുപോലും ഉപകാരം ചെയ്യാൻ മനുഷ്യർ മടിക്കുന്ന കാലത്താണ് തന്റെ ഉത്സാഹം നിറഞ്ഞ പെരുമാറ്റത്തിലൂടെ ഉല്ലാസൻ മൈലാടത്തടയുടെ പ്രിയങ്കരനായത്.

മരണവാർത്ത ഇപ്പോഴും നാട്ടുകാർക്ക് വിശ്വസിക്കാനാകുന്നില്ല. അതുകൊണ്ട് തന്നെ അവസാനമായി ഒരുനോക്കു കാണാൻ മൈലാടത്തടയിൽ മുഴുവൻ ജനങ്ങളും ഉല്ലാസന്റെ വീട്ടിലെത്തി മരണത്തിന് മായിച്ചുകളയാനാകാത്ത നന്മകൾ ശേഷിച്ചാണ് അപൂർവ്വ മനസ്സുള്ള അയാളുടെ വിടവാങ്ങൽ.

പരേതനായ കുമാരന്റെയും ടി വി ലക്ഷ്മിയുടെയും മകനാണ്. സഹോദരൻ: ഉമാകാന്ത്.



### ഹരിദാസൻ

**വലിയന്നൂർ:** രാഘവൻ മാസ്റ്റർ പീടികക്കടുത്ത ലക്ഷ്മി നിവാസിൽ നാലാം കണ്ടത്തിൽ ഹരിദാസൻ (58)നിര്യാതനായി. കനറാ ബേങ്ക് വാരം ബ്രാഞ്ചിലെ അപ്രൈസറാണ്. പരേതരായ ഗോവിന്ദൻ സ്രാപ്പിന്റെയും കൗസല്യയുടെയും മകനാണ്. ഭാര്യ - ഷൈന. മകൾ: അവന്തിക

സഹോദരങ്ങൾ: പങ്കജാക്ഷി, വാസന്തി, പ്രകാശൻ, വനജ, മഞ്ജുള, പരേതനായ പുരുഷോത്തമൻ.



### കാസിം

**മാട്ടൂൽ:** നോർത്ത് എൻ എം യൂപി സ്കൂളിനു സമീപം താമസിക്കുന്ന അച്ചുമാകന്റകത്ത് കാസിം (66) അന്തരിച്ചു.

ഭാര്യ: വീ വീ ഫൗസിയ. മക്കൾ- ഫായിസ , ഫർസാന (ഷാർജ),ഖാനീമ,ഫജ. മരുമക്കൾ: യഹ്യ (ഷാർജ) ഷരീഫ് (ഷാർജ), നാസർ (ഖത്തർ). സഹോദരങ്ങൾ: പരേതനായ എ ഖാദർ കുഞ്ഞി, എ ബിഫാത്തു, എ നഫീസ. അച്ചുമ്മാന്റകത്ത് അബ്ബാസ്



### ഗോവിന്ദക്കുറുപ്പ്

**കാടാച്ചിറ:** വിമുക്തഭടനായ കാടാച്ചിറ ആനപ്പാലത്തെ തളാപ്പൻ വീട്ടിൽ കെ.ഗോവിന്ദക്കുറുപ്പ്(102) നിര്യാതനായി. സൈന്യത്തിൽ നിന്ന് വിരമിച്ച ശേഷം കണ്ണൂർ തളാപ്പിലുള്ളകരിമ്പ് ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരനായി സേവ നമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ: പരേതയായ നാരായണിയമ്മ. മക്കൾ: പ്രഭാവതി, ചന്ദ്രമതി, കൃഷ്ണൻ, നാരായണൻ, രാജേഷ്, പരേതയായ വിജയലക്ഷ്മി. മരുമക്കൾ: വിജയൻ, സത്യശീലൻ, സുരേശൻ, പ്രമീള, സജിത, ബിന്ദു.



### ആയിഷ

**ചക്കരക്കൽ:** മൗവ്വഞ്ചേരി കീരിയോട്ടെ കരിമ്പാലൻ കണ്ടി ആയിഷ (87) അന്തരിച്ചു.

ഭർത്താവ്: പരേതനായ മൂസ ഹാജി. മക്കൾ: അബ്ദുൾ സത്താർ (എം കെ എസ് ഫ്രൂട്സ്, കണ്ണൂർ ) യൂസഫ് , അശ്രഫ് ( കെ എം ഫ്രൂട്സ്) ഗഫൂർ ( കുവൈറ്റ് ) നസീമ (കാവുംപടി) പരേതരായ അബ്ദുൾ ലത്തീഫ് , ജമീല, മരുമക്കൾ: അബ്ദുൾ ഖാദർ, അബ്ദുൾ റഹ്മാൻ(മലഞ്ചരക്ക് വ്യാപാരി, ഇരിട്ടി) എ കെ റഹിയാനത്ത്(തളാപ്പ്) റഫീന, സാജിദ, സീനത്ത്, ഷംഷാദ.

### അമർ ശ്രീകുമാർ



**വലിയന്നൂർ:** വലിയന്നൂർ നോർത്തിലെകൂലോത്ത് വളപ്പിൽ അമർ ശ്രീകുമാർ (21) അന്തരിച്ചു. അമ്മ: ചിത്ര (ലിങ്ക് ഫാർമസി കണ്ണൂർ ) അച്ഛൻ: പരേതനായ ശ്രീകുമാർ (പാറക്കണ്ടി) സഹോദരൻ പരേതനായ ധാർമിക്.

## കനത്ത മഴ; ട്രെയിനുകൾ വൈകിയോടുന്നു

**കണ്ണൂർ:** പുലർച്ചെയുണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടങ്ങൾ. പലയിടത്തും മരങ്ങൾ കടപുഴകി വീണു. ട്രാക്കുകളിൽ മരം വീണതിനാൽ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. പല ട്രെയിനുകളും വൈകിയോടുകയാണ്.

## സ്റ്റുഡൻറ് യൂനിയൻ ഉദ്ഘാടനം ചെയ്തു




**വളപട്ടണം:** അൽ ഫാ റാബി ഗേൾസ് അക്കാദമി സ്റ്റുഡന്റ് യൂനിയൻ പ്രസി സണ്ട് പി.വി. താജുദ്ദീന്റെ അധ്യക്ഷയിൽ വഖഫ് ബോർഡ് മെമ്പർ പി.വി.സൈനുദ്ദീൻ ഉദ്ഘാടനം ചെയ്തു. യുനിയൻ ലോഗോ സയ്യിദ് ജാഫർ തങ്ങൾ ഉദ്ഘാടനം ചെയ്തു. ട്രഷറർ മുല്ലക്കോയ തങ്ങൾ, സിക്രട്ടറി എം.അബ്ദുറഹിമാൻ ഹാജി, അസി. പ്രിൻസിപ്പൾ സിറാജുദ്ദീൻ വാഫി, കെ.എം. താജുദ്ദീൻ' എസ്.എം.ഫാറൂഖ് ആശംസകൾ നേർന്നു. പ്രിൻസിപ്പൾ റിയാസ് വാഫി സ്വാഗതവും മാജിദ നന്ദിയും പറഞ്ഞു.

## അനുശോചിച്ചു

**കണ്ണൂർ:** തളിപ്പറമ്പ് സർ സയ്യിദ് കോളേജ് 1985-87 പ്രീ ഡിഗ്രി പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ ഓട്ടോഗ്രാഫ് എന്ന സംഘടനയുടെ എക്സിക്യൂട്ടീവ് അംഗവും സാമൂഹ്യ സാംസ്കാരിക പ്രവർത്തകനുമായ പാപ്പിനിശ്ശേരിയിലെ കെ ടി പി അബ്ദുൽ നാസറിന്റെ ദേഹവിയോഗത്തിൽ ഓട്ടോഗ്രാഫ് കൂട്ടായ്മ അനുശോചനം രേഖപ്പെടുത്തി. വൈസ് പ്രസിഡന്റ് സജിത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം എസ് ഉമ്മർ, ജമാൽ കൊടിയിൽ, സി പി റഫീഖ്, രമേശൻ, അജ്മൽ തായത്ത്, ഫൗലാദ്, ഷാഹുൽ ഹമീദ്, ഗഫൂർ, മുത്തലിബ്, റഫീഖ് പഴയങ്ങാടി തുടങ്ങിയവർ സംസാരിച്ചു.

## സ്വീകരണം നൽകി



**തലശ്ശേരി:** വൺ കേരള അർട്ടില്ലറി ബാറ്ററി എൻ സി സി, തലശ്ശേരി യൂണിറ്റിൽ നിന്നും ഇത്തവണ സെലക്ഷൻ ലഭിച്ചു വിയറ്റ്നാമിൽ നടന്ന യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിൽ പങ്കെടുത്ത സീനിയർ അണ്ടർ ഓഫീസർ ആകാംഷ് എസ് അശോകിന് എരഞ്ഞോളി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വച്ചു സ്വീകരണം നൽകി.

പഞ്ചായത്ത് പ്രസിഡന്റ് എം പി ശ്രീഷ ആകാംഷിനെ മാല ഇട്ടു സ്വീകരിച്ചു. ഹവിൽദാർ ചേതൻ സാബേ, നായിക് സുനിൽ, പഞ്ചായത്ത് മെമ്പർമാരായ ബാലകൃഷ്ണൻ ഇ, പ്രീത കെ എന്നിവരും, ജിനേഷ്, ജിതേഷ്,നേഹ് മഹേഷ്, ആവണിരാജ് പി, ഷാനി അശോക്, ആത്മാർഷ് എസ് അശോക് എന്നിവരും സ്വീകരണത്തിൽ പങ്കെടുത്തു.



ചേലോറ പഞ്ചായത്തിലെ മികച്ച കുട്ടികർഷകനായി തെരഞ്ഞെടുക്കപ്പെട്ട കൃഷ്ണവിലാസം യു.പി സ്കൂൾ ആറാം തരം വിദ്യാർത്ഥി നവദർശ് ബാബുവിനെ കണ്ണൂർ കോർപ്പറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ പുരസ്കാരം നൽകി ആദരിക്കുന്നു.

# പീത സാഗരമായി വീഥികൾ

**കണ്ണൂർ :** ചതയ ദിനത്തോടനുബന്ധിച്ച് പീത സാഗരമായി നാട്, ഗുരു ജയന്തിയോടനുബന്ധിച്ച് പലയിടങ്ങളിലും ഘോഷയാത്രകൾ നടന്നു. മഞ്ഞ വസ്ത്രമണിഞ്ഞ് ഗുരുദേവ വിശ്വാസികൾ ജില്ലയിലെമ്പാടും ചതയ ദിനമാഘോഷിച്ചു. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചിലയിടത്ത് ആഘോഷങ്ങൾ ഒഴിവാക്കിയിരുന്നു. ഗുരുപൂജ, സമൂഹ പ്രാർത്ഥന ,ആത്മീയ പ്രഭാഷണം, അന്നദാനം, പായസ വിതരണം, സർ മത സമ്മേളനം തുടങ്ങിയ പരിപാടികൾ ശാഖകളിലും ഗുരുമന്ദിരങ്ങളിലും നടന്നു.

**കണ്ണൂർ:** ശ്രീനാരായണ ജയന്തിയോടനുബന്ധിച്ച് ഒ. ബി. സി മോർച്ചയുടെ നേതൃത്വത്തിൽ ഗുരുദേവദർശ്ശനങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് പ്രഭാഷണവും പുഷ്പാർച്ചനയും മാരാർജിഭവനിൽ നടന്നു. കേരളത്തിന്റെ നവോത്ഥാന നായകനും കാലത്തിന് മുമ്പേ സഞ്ചരിച്ച കർമ്മയോഗിയും ആയിരുന്നു ശ്രീ നാരായണ ഗുരുദേവൻ എന്ന് ബി ജെ പി കണ്ണൂർ ജില്ലാ പ്രസിഡന്റ് എൻ ഹരിദാസ് അഭിപ്രായപ്പെട്ടു.

ഒ ബി സി മോർച്ച ജില്ലാ പ്രസിഡന്റ് വിജയൻ വട്ടിപ്രം അധ്യക്ഷത വഹിച്ചു സംസാരിച്ചു. ജില്ലാ ജനറൽ സിക്രട്ടറി അനീഷ് കുമാർ സ്വാഗതം ചെയ്തു. ബി ജെ പി ജില്ലാ വൈസ് പ്രസിഡന്റ് ടി സി മനോജ് സംസ്ഥാന സിക്രട്ടറി സ്മിത ജയമോഹൻ .ബിജെപി ജില്ല ട്രഷറർ യു ടി ജയന്തൻ തുടങ്ങിയവർ പങ്കെടുത്തു



കണ്ണൂർ ശ്രീനാരായണ പാർക്കിൽ ശ്രീഭക്തി സംവർദ്ധിനി യോഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ശ്രീനാരായണഗുരു ജയന്തി ആഘോഷം. പ്രസിഡണ്ട് ബാലകൃഷ്ണൻ .കെ.പി .പതാക ഉയർത്തുന്നു. രാജേന്ദ്രൻ, വിനോദ് കുമാർ, പി.വി.ജയസൂര്യൻ, അശോക് .പി .സി, പ്രസുൺ കുമാർ, പ്രേമരാജൻ, സോമസുന്ദരൻ, എം.എൻ.ഷെനിത്ത്, ജീവാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.

## ഉദ്യോഗാർത്ഥികൾക്ക് അവസരം

കൊച്ചിൻ ഷിപ്പ് യാർഡിൽ ഉദ്യോഗാർത്ഥികൾക്ക് അവസരം. 69 ഗ്രാജ്വേറ്റ്, 71 ടെക്നീഷ്യൻ (ഡിപ്ലോമ) അപ്രന്റീസ് ഒഴിവ്. ഒരു വർഷമാണ് പരിശീലനം. ഓഗസ്റ്റ് 31 വരെ ഓൺലൈനായി അപേക്ഷിക്കാം. തസ്തിക, യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ, വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്തു വേണം അപേക്ഷിക്കാൻ




# കണ്ണൂർ കോടതി സമുച്ചയം
## ശിലാസ്ഥാപനം 23ന് മുഖ്യമന്ത്രി നിർവഹിക്കും




**കണ്ണൂർ:** ആധുനിക സൗകര്യങ്ങളോടെ നിർമിക്കുന്ന കണ്ണൂർ കോടതി സമുച്ചയത്തിന്റെ ശിലാസ്ഥാപനം 23ന്. വൈകിട്ട് നാലിന് ഉത്സവാന്തരീക്ഷത്തിൽ കോടതി വളപ്പിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടൽ നിർവഹിക്കും. ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ടി ആർ രവി അധ്യക്ഷനാകും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കെ സുധാകരൻ എം പി , മേയർ മുസ്ലി മഠത്തിൽ , കലക്ടർ അരുൺ കെ വിജയൻ, ബാർ അസോസിയേഷൻ പ്രസിഡന്റ് കെ സഹദേവൻ തുടങ്ങിയവർ പങ്കെടുക്കും.

പഴയ കോടതി കെട്ടിടം പൊളിച്ചു നീക്കുകയാണ്. ഇതോടെ കണ്ണൂരിന്റെ ചരിത്ര സാക്ഷിയായ ന്യായാലയമാണ് മണ്ണടിയുന്നത്. 1907ൽ ബ്രിട്ടീഷുകാരാണ് കണ്ണൂരിൽ കോടതി സ്ഥാപിച്ചത്. ചാവശേരിയിലായിരുന്നു അത്. രണ്ടു വർഷത്തിന് ശേഷം കോടതി കണ്ണൂരിലേക്ക് മാറ്റി സ്ഥാപിച്ചു. ജുഡിഷ്യൽ സെക്കൻഡ് ക്ലാസ് കോട്ടതിയായിരുന്നു ഇത്. ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ മദ്രാസ് പ്രവിശ്യയിലായിരുന്നു കോടതി ഉൾപ്പെട്ടത്. 1960 ലാണ് താലൂക്ക് ഓഫീസ് കെട്ടിടത്തിലേക്ക് മാറിയത്. 1962 ൽ ഇവിടെ സബ് കോടതി സ്ഥാപിച്ചു. പിന്നീട് ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയും തുടങ്ങി. 1998 ൽ പാറക്കണ്ടിയിലെ വാടകകെട്ടിടത്തിൽ കുടുംബ കോടതിയും ആരംഭിച്ചു. പിന്നീട് ഇത് ബാർ അസോസിയേഷൻ കെട്ടിടത്തിന്റെ താഴെ നിലയിലേക്ക് മാറ്റി. പടി പടിയായുള്ള വളർച്ചയുടെ ഘട്ടങ്ങളിൽ പോക്സോ കോടതി ഉൾപ്പടെ വിവിധ ന്യായാലയങ്ങളാണ് ഇവിടെ സജ്ജമാക്കിയത്.

ആധുനിക സൗകര്യങ്ങളുള്ള ബഹുനില സമുച്ചയം സ്ഥാപിക്കുന്നതോടെ കണ്ണൂരിലെ എല്ലാ കോടതികളും ഇനി ഒരു കുടക്കീഴിലാകും.

# എലിപ്പനി പ്രതിരോധിക്കാൻ
## ബോധവത്ക്കരണവുമായി ആരോഗ്യവകുപ്പ്

**കണ്ണൂർ:** എലിപ്പനിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് പൊതുജനങ്ങൾക്കായി റീൽസ് രചന മത്സരം സംഘടിപ്പിക്കുന്നു. രോഗത്തിനെതിരെയുള്ള ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന റീൽസുകൾ തയ്യാറാക്കാൻ സാധിക്കുന്ന രചനകൾ (സ്ക്രീപ്റ്റ്) ആണ് മത്സരത്തിനായി ഈ മാസം 31 ന് വൈകീട്ട് 5 മണിക്കകം സമർപ്പിക്കേണ്ടത്.

പരമാവധി 3 മിനിറ്റ് വരെ ദൈർഘ്യമുള്ള റീൽസ് തയ്യാറാക്കുന്നതിനുള്ള സ്ക്രീപ്റ്റ് ആണ് അയക്കേണ്ടത്. നിലവിൽ പുറത്തിറക്കിയ റീൽസ് / വീഡിയോ യുടെ സ്ക്രീപ്റ്റ് അയക്കാൻ പാടുള്ളതല്ല.റീൽസിന്റെ സ്ക്രീപ്റ്റ് വൃത്തിയായി വെള്ളപേപ്പറിൽ മലയാളത്തിൽ എഴുതിയോ ടൈപ്പ് ചെയ്തോ demoknr@gmail.com എന്ന ഇമെയിലിൽ അയക്കണം. അയക്കുന്നയാളുടെ പേരും വിലാസവും ഫോൺ നമ്പറും സ്ക്രിപ്റ്റ് ന്റെ കൂടെ നൽകേണ്ടതാണ്.

ആദ്യ മൂന്ന്സ്ഥാനങ്ങൾ ലഭിക്കുന്ന രചനകൾക്ക് ക്യാഷ് പ്രൈസ് സമ്മാനമായി നൽകും.തിരഞ്ഞെടുക്കപ്പെടുന്ന രചനകൾക്ക് രംഗഭാഷ്യം നൽകി ആരോഗ്യവകുപ്പ് റീൽസ് പുറത്തിറക്കും

# ബസിൽ കടത്തുകയായിരുന്ന ലഹരിമരുന്നുമായി പിടിയിൽ

**മുത്തങ്ങ:** മുത്തങ്ങയിൽ എക്സൈസ് സംഘം നടത്തിയ വാഹന പരിശോധനയിൽ ബാംഗ്ലൂരിൽ നിന്നും കോഴിക്കോട് പോവുകയായിരുന്ന ബസിലെ യാത്രക്കാരനിൽ നിന്നും മാരക മയക്കുമരുന്നായ 60.435 ഗ്രാം മെത്താഫിറ്റാമിൻ പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ കരുവഞ്ചാൽ സ്വദേശി സർഫാസ് (25) നെ അറസ്റ്റ് ചെയ്തു. ബാംഗ്ലൂരിൽ നിന്നും മയക്കുമരുന്ന് എത്തിച്ച് ഇയാൾ കോഴിക്കോട് ടൗണും, ബീച്ചും കേന്ദ്രീകരിച്ച് കച്ചവടം നടത്തുന്ന ആളാണെന്ന് അന്വേഷണത്തിൽ ബോധ്യമായതായി എക്സൈസ് ഇൻസ്പെക്ടർ രാധാകൃഷ്ണൻ പി.ജി പറഞ്ഞു. ഓണം സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി അതിർത്തി പ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകളിലും കർശന പരിശോധനയാണ് എക്സൈസ് നടത്തിവരുന്നത്.



## സി കെ അബ്ദുറഹ്മാന് അധ്യാപക പുരസ്കാരം

**കണ്ണൂർ:** ഗ്രാമ സ്വരാജ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സംസ്ഥാനത്തെ മികച്ച അധ്യാപകർക്കുള്ള പുരസ്കാരത്തിന് പാപ്പിനിശ്ശേരി ഹിദായത്ത് ഹൈസ്കൂൾ പ്രഥമാധ്യാപകൻ സീ കെ അബ്ദുൾ റഹ്മാൻ വേങ്ങാട് അർഹനായി. വിദ്യാഭ്യാസ മേഖലയിലെ പാഠ്യ പാഠ്യേതര നൂതന പ്രവർത്തനങ്ങളെ പരിഗണിച്ചാണ് പുരസ്കാരം.

2024-25 അധ്യയന വർഷത്തിൽ മൂന്ന് പതിറ്റാണ്ട് കാലത്തെ അധ്യാപക സേവനം പൂർത്തിയാക്കിയ വേളയിലാണ് അധ്യാപക അവാർഡിന് അബ്ദുൾ റഹ്മാൻ അർഹനാവുന്നത്.

## ബോബി ചെമ്മണൂർഗ്രൂപ്പുമായി ചെമ്മണ്ണൂർ നിധിക്ക് ബന്ധമില്ല

**കോഴിക്കോട്:** അമിത പലിശ വാഗ്ദാനം ചെയ്ത് തട്ടിപ്പു നടത്തിയതിനെ തുടർന്ന് നിയമനടപടി നേരിടുന്ന തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ചെമ്മണ്ണൂർ നിധി ലിമിറ്റഡ് എന്ന സ്ഥാപനവുമായി ബോബി ചെമ്മണൂർ ഗ്രൂപ്പിന് ബന്ധമില്ലെന്ന് ബോബി ചെമ്മണൂർ ഗ്രൂപ് മാനേജിങ് ഡയറക്ടർ ബോബി ചെമ്മണൂർ അറിയിച്ചു.

കേന്ദ്രസംസ്ഥാന നിയമവ്യവസ്ഥകൾക്കു വിധേയമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ബോബി ചെമ്മണൂർ ഗ്രൂപ്പ്. ഉപഭോക്താക്കളുടെ വിശ്വാസ്യത കൈമുതലാക്കി വിവിധ മേഖലകളിൽ ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും പതിറ്റാണ്ടുകളായി പ്രവർത്തിച്ചുവരുന്ന ഗ്രൂപ്പാണിതെന്നും ബോബി ചെമ്മണൂർ അറിയിച്ചു.

## പെൺകുട്ടിയെ മറ്റൊരാൾക്ക് കാണിച്ചു; ബ്രോക്കർക്ക് മർദ്ദനം

**ചന്തേര:** വിവാഹദല്ലാളായ സ്ത്രീയെ മർദ്ദിച്ച ബ്രോക്കർക്കെതിരെ പരാതിയിൽ ചന്തേര പോലീസ് കേസെടുത്തു. കയ്യൂർമുഴക്കോം സ്വദേശിനി രോഹിണിയുടെ പരാതിയിലാണ് മറ്റൊരു വിവാഹദല്ലാളായ രമേശനെതിരെ ചന്തേര പോലീസ് കേസെടുത്തത്. തിങ്കളാഴ്ച വൈകുന്നേരം 5.30 മണിയോടെ ചെറുവത്തൂരിലാണ് പരാതിക്കാസ്പദമായ സംഭവം. പരാതിക്കാരി കാണിച്ചു കൊടുത്ത പെൺകുട്ടിയെ ബ്രോക്കറായ പ്രതി മറ്റുള്ളവർക്ക് കാണിച്ചു കൊടുത്തത് ചോദ്യം ചെയ്ത വിരോധത്തിൽ പരാതിക്കാരിയെ തടഞ്ഞു നിർത്തി ജീവിക്കാൻ വിടില്ലെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയും കൈക്കൊണ്ട് അടിച്ചു പരിക്കേൽപ്പിച്ചുവെന്ന പരാതിയിലാണ് കേസെടുത്തത്.

## പാൻമസാലയുമായി പിടിയിൽ

**കാസറഗോഡ്.:** വിൽപനക്കായി കൊണ്ടുവന്ന 60 പാക്കറ്റ് നിരോധിത പുകയില ഉൽപന്നങ്ങളുമായി യുവാവിനെ പോലീസ് പിടികൂടി. അടുക്കത്ത്ബയൽ അജറാൽ കൊട്ടറച്ചാലിലെ അബു ദുൾ ഹമീദിനെ (46)യാണ് വനിത പോലീസ് സ്റ്റേഷൻ എസ്.ഐ.കെ.അജിതയും സംഘവും പിടികൂടിയത്. ട്രാഫിക്ക് പോയിന്റിന് സമീപം വെച്ചാണ് 60 പാക്കറ്റ് പുകയില ഉല്പന്നങ്ങളുമായി യുവാവിനെ പോലീസ് പിടികൂടിയത്.

## സ്കൂട്ടർ മോഷണം പോയി

**തലശേരി:** തിരുവങ്ങാട് സംഗമം ഓഡിറ്റോറിയത്തിന് സമീപം നിർത്തിയിട്ട സ്കൂട്ടർ മോഷണം പോയതായി പരാതി. ചിറക്കരയിലെ കെ എം മുഹമ്മദ് സാക്കീറിന്റെ ഉടമസ്ഥതയിലുള്ള കെ എൽ.58.എ.എ.1135 നമ്പർ സ്കൂട്ടറാണ് മോഷണം പോയത്.തുടർന്ന് തലശേരി പോലീസിൽ പരാതി നൽകി കേസെടുത്ത പോലീസ് അന്വേഷണം തുടങ്ങി.

## വയനാട് ദുരന്തം; ഡി വൈ എഫ് ഐ സമാഹരിച്ച 3.77 കോടി കൈമാറി




**കണ്ണൂർ:** വയനാട് ദുരിത ബാധിതർക്ക് ഡി വൈ എഫ് ഐ നിർമ്മിച്ച് നൽകുന്ന ഭവനപദ്ധതിയിലേക്ക് കണ്ണൂരിന്റെ യുവത സമാഹരിച്ചത് മൂന്ന് കോടി എഴുപത്തിഏഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി തൊണ്ണൂറ്റി ആറ് രൂപ. 15 ദിവസങ്ങൾക്കുള്ളിലാണ് കണ്ണൂരിലെ ഡിവൈഎഫ്ഐ യുടെ യൂണിറ്റ് കമ്മറ്റിയംഗങ്ങൾ മുതൽ ജില്ലാ നേതാക്കൾ വരെയുള്ളവരുടെ വരുമാനത്തിൽ നിന്നുള്ള വിഹിതം, വീടുകളിൽ നിന്ന് ശേഖരിച്ച പഴയ ആക്രി സാധനങ്ങൾ വിറ്റുകിട്ടിയ തുക ഉൾപ്പെടെ നിരവധിയായ പ്രവർത്തനങ്ങളിലൂടെയാണ് പണം കണ്ടെത്തിയത്.

തലശ്ശേരി ബ്ലോക്ക് കമ്മിറ്റി സമാഹരിച്ച 4618568 തുടങ്ങി 560090രൂപ സമാഹരിച്ച ആലക്കോട് ബ്ലോക്ക് കമ്മിറ്റി ഉൾപ്പെടെ ജില്ലയിലെ 18 ബ്ലോക്കുകളിൽ നിന്നാണ് പണം സ്വരൂപിച്ചത്.

ജില്ലാകമ്മിറ്റി ഓഫീസായ യൂത്ത് സെന്ററിൽ നടന്ന ചടങ്ങിൽ സമാഹരിച്ച തുക സംസ്ഥാന സെക്രട്ടറി വി കെ സനോജ്, പ്രസിഡന്റ് വി വസീഫ് എന്നിവർക്ക് കൈമാറി. കേന്ദ്ര കമ്മിറ്റി അംഗം എം ഷാജർ, ജില്ലാ സെക്രട്ടറി അഡ്വ.സരിൻ ശശി, പ്രസിഡണ്ട് മുഹമ്മദ് അഫ്സൽ, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം വി ഷിമ, ജില്ലാ ട്രഷറർ അഡ്വ.കെ ജി ദിലീപ്, സംസ്ഥാന കമ്മിറ്റി അംഗം പി പി അനിഷ എന്നിവർ പങ്കെടുത്തു.

## 'ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങൾക്ക് പ്രസക്തിയേറുന്നു'



ജവഹർ കൾച്ചറൽ ഫോറം സംഘടിപ്പിച്ച ശ്രീനാരായണ ഗുരു ജയന്തി ആഘോഷത്തിൽ റവ:ഫാദർ ജി എസ് ഫ്രാൻസിസ് സംസാരിക്കുന്നു

**തലശ്ശേരി:** ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങൾക്ക് പ്രസക്തിയേറുകയാണെന്ന് റവ:ഫാദർ ജി എസ് ഫ്രാൻസിസ്, ജവഹർ കൾച്ചറൽ ഫോറം സംഘടിപ്പിച്ച ശ്രീനാരായണ ഗുരു ജയന്തി ആഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജാതി മത ചിന്തകൾക്കും മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്കുമെതിരെ ഗുരുദേവന്റെ ആഹ്വാനം ഏറ്റെടുത്ത് പ്രവർത്തിക്കാൻ പുതു തലമുറ രംഗത്ത് വരണമെന്നും അദ്ദേഹം പറഞ്ഞു. കെ ശിവദാസൻ അധ്യക്ഷം വഹിച്ചു. കെ മുസ്തഫ, തച്ചോളി അനിൽ, എം വി സതീശൻ, ടി എം സുധാകരൻ തുടങ്ങിയവർ സംസാരിച്ചു.

**തോട്ടുമ്മൽ:** ശ്രീനാരായണ ഗുരു ജയന്തി ആഘോഷത്തോടനുബന്ധിച്ച് തോട്ടുമ്മൽ ശ്രീനാരായണ മഠത്തിൽ കുട്ടികൾക്കായി വിവിധ കലാപരിപാടികൾ നടത്തി. വി.സി.രമേശൻ ഉദ്ഘാടനം ചെയ്തു. സി. ശശീന്ദ്രൻ അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ഷിംജിത്ത് സമ്മാനദാനം നിർവ്വഹിച്ചു. വി.മോഹനൻ, ശോഭന കെ.എൻ എന്നിവർ സംസാരിച്ചു. എം. ജയരാജൻ സ്വാഗതവും പി. പ്രമീള നന്ദിയും പറഞ്ഞു.

## മർദ്ദനം: മൂന്നുപേർക്കെതിരെ കേസെടുത്തു

**ചീമേനി:** അവിഹിത ബന്ധത്തെ കുറിച്ച് പറഞ്ഞതിലുള്ള വിരോധത്തിൽ മൂന്നു പേർ ചേർന്ന് മർദ്ദിച്ചുവെന്ന പരാതിയിൽ പോലീസ് കേസെടുത്തു.

സ്റ്റേഷൻ പരിധിയിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പരാതിയിലാണ് വിപിൻദാസ്, ഷിബിൻ, ഭാവന എന്നിവർക്കെതിരെ കേസെടുത്തത്. തിങ്കളാഴ്ച രാത്രി 8 മണിക്കാണ് പരാതിക്കാസ്പദമായ സംഭവം. കോട്ടുമൂലയിൽ വെച്ച് പ്രതികൾ പരാതിക്കാരിയെ കൈ കൊണ്ട് അടിച്ചും കഴുത്തിന് കുത്തി പിടിച്ചും മുഖത്തടിച്ചും മുടിക്ക് കുത്തി പിടിച്ച് വലിച്ച് ദേഹോപദ്രവം ഏല്പിച്ചുവെന്ന പരാതിയിലാണ് കേസ്.

## പറമ്പിലെ കോൺക്രീറ്റ് തൂണുകളും കമ്പിവേലികളും തകർത്തു

**മുഴക്കുന്ന്:** പറമ്പിൽ അതിക്രമിച്ച് കയറി 30 ഓളം കോൺക്രീറ്റ് തൂണുകളും ഘടിപ്പിച്ച മുള്ളു കമ്പിവേലികളും തകർത്തുവെന്ന പരാതിയിൽ മൂന്ന് പേർക്കെതിരെ കേസ്. ശാന്തിനഗർ കോളനിയിലെ ടി.കെ.ശ്രീനയുടെ പരാതിയിൽ രതീശനും കണ്ടാലറിയാവുന്ന രണ്ടു പേർക്കുമെതിരെയാണ് മുഴക്കുന്ന് പോലീസ് കേസെടുത്തത്. തിങ്കളാഴ്ച വൈകുന്നേരം 5.30 മണിക്കും ചൊവ്വാഴ്ച രാവിലെ 11.30 മണിക്കു മിടയിലാണ് പരാതിക്കാസ്പദമായ സംഭവം.

പരാതിക്കാരിയുടെമുഴക്കുന്ന് ഹാജി റോഡിലെ പറമ്പിലാണ് പ്രതികൾ അതിക്രമം നടത്തിയത്. പരാതിക്കാരിയെ കഴിഞ്ഞ ദിവസം ഭീഷണിപ്പെടുത്തിയ സംഭവവുമുണ്ടായിരുന്നു. അരലക്ഷം രൂപയുടെ നാശനഷ്ടം വരുത്തിയെന്ന പരാതിയിൽ കേസെടുത്ത പോലീസ് അന്വേഷണം തുടങ്ങി.

## ഗാർഹിക പീഡനം മൂന്നുപേർക്കെതിരെ കേസ്

**ചൊക്ലി:** വിവാഹശേഷം യുവതിയുടെ സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കിയ ശേഷം കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് ഭർത്താവും ബന്ധുക്കളും ശാരീരികവും മാനസികവുമായി പീഡിപ്പിക്കുന്നുവെന്ന യുവതിയുടെ പരാതിയിൽ പോലീസ് കേസെടുത്തു. കണ്ണൂക്കര തൈക്കണ്ടി താഴെയിലെ 29 കാരിയുടെ പരാതിയിലാണ് ഭർത്താവ് ഒളവിലം സ്വദേശി ശരത്, മാതാവ് കനകശോഭ, സഹോദരി ശ്രീനിഷ എന്നിവർക്കെതിരെ കേസെടുത്തത്.

2017 സപ്തംബർ 10 നായിരുന്നു വിവാഹം ശേഷം യുവതിയുടെ ആഭരണങ്ങൾ വിറ്റുലഭിച്ച 1,69,000 രൂപ കൈക്കലാക്കിയ ശേഷം തിരിച്ചു കൊടുക്കാതെ വിശ്വാസ വഞ്ചന നടത്തി ചതി ചെയ്തുവെന്ന പരാതിയിലാണ് കേസ്.



കേരള ഫുഡ് ഹൗസ് ആന്റ് കാറ്ററിങ്ങ് സഹകരണ സംഘം പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സി എം പി നേതാവ് മാണിക്കര ഗോവിന്ദൻ

## 140 ലിറ്റർ വാഷ് പിടികൂടി

**ശ്രീകണ്ഠാപുരം:** ഓണം സ്പെഷ്യൽ ഡ്രൈവ് അനുബന്ധിച്ചുള്ള സ്ട്രൈക്കിംഗ് ഫോഴ്സ് ഡ്യൂട്ടിയുടെ ഭാഗമായിശ്രീകണ്ഠാപുരം എക്സൈസ് റേഞ്ച് ഓഫീസും പാടാം കവല ഫോറസ്റ്റ് സെക്ഷൻ ഓഫീസും സംയുക്തമായി കാഞ്ഞിരക്കൊല്ലി, ചിറ്റാരി, ഉടുമ്പൻ പുഴ,കർണ്ണാടക വനാതിർത്തിയിലും അസി. എക്സൈസ് ഇൻസ്പെക്ടർ പി.ആർ.സജീവിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽചിറ്റാരി ഉടുമ്പൻ പുഴ തോട്ടുചാലിൽ 140 ലിറ്റർ വാഷ് പിടികൂടി.

റെയ്ഡിൽ പ്രിവന്റീവ് ഓഫീസർമാരായ എം.പി.ഹാരിസ്, പി.എ.രഞ്ചിത്ത് കുമാർ, എം. വി.പ്രദീപൻ,സിവിൽ എക്സൈസ് ഓഫീസർ അഖിൽ ജോസ്,ഫോറസ്റ്റ് സെക്ഷൻ വാച്ചർ ചന്ദ്രൻ പി.സി എന്നിവരും ഉണ്ടായിരുന്നു.

## അഞ്ചരക്കണ്ടി കണ്ണൂർ ഡെന്റൽ കോളേജിന് റിസർച്ച് സെന്റർ പദവി

**കണ്ണൂർ:** അഞ്ചരക്കണ്ടി കണ്ണൂർ ഡെന്റൽ കോളേജിലെ ആറ് ഡിപ്പാർട്ട്മെന്റുകൾക്ക് ഗവേഷണകേന്ദ്ര പദവി നൽകി കേരള ആരോഗ്യ സർവകലാശാല ഉത്തരവിട്ടു. പീഡിയാട്രിക് ഡെന്റിസ്ട്രി, എൻഡോഡോണ്ടിക്സ്, ഓറൽ മെഡിസിൻ, പീരിയോൺഡിക്സ്, പ്രോസ്റ്റോഡോണ്ടിക്സ്, മാക്സിലോഫേഷ്യൽ ശസ്ത്രക്രിയ വകുപ്പുകൾക്ക് ആണു ഗവേഷണകേന്ദ്ര പദവി. ഈ വകുപ്പുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാലക്ക് കീഴിൽ പിഎച്ച്ഡി പ്രോഗ്രാമുകൾ നടത്താം.

ഇതുവരെയുള്ള ഗവേഷണ പ്രവർത്തനങ്ങൾ, പ്രൊഫസർമാരുടെ ഗവേഷണ പരിചയം, ഇൻഡെക്സ് ചെയ്ത ജേണലിലെ പ്രസിദ്ധീകരണങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾക്ക് കുള്ള സൗകര്യങ്ങൾ മുതലായവ പരിഗണിച്ചു കൊണ്ടാണു ഗവേഷണകേന്ദ്ര പദവി നൽകിയിരിക്കുന്നത്.

കണ്ണൂർ ഡെന്റൽ കോളേജിലെ ഇൻസ്റ്റിറ്റ്യൂഷണൽ എത്തിക്സ് കമ്മിറ്റിക്ക് കേന്ദ്ര ആരോഗ്യ ഗവേഷണ ഡയറക്ടറേറ്റിന്റെ അംഗീകാരം കഴിഞ്ഞ വർഷം ലഭിച്ചിട്ടുണ്ട്.

## സ്കൂളിൽ വെച്ച് നാലംഗ സംഘം മർദ്ദിച്ചു; മൂന്നു പേർക്കെതിരെ കേസ്

**എടക്കാട്:** സ്കൂളിൽ വെച്ച് നാലംഗ സംഘം മർദ്ദിച്ചുവെന്ന പരാതിയിൽ പോലീസ് കേസെടുത്തു. ചിറക്ക് താഴെ കിഴുന്നയിലെ എസ്.സി.വിനോദിന്റെ പരാതിയിലാണ് അശ്വന്തിനും മറ്റ് കണ്ടാലറിയാവുന്ന മൂന്നു പേർക്കുമെതിരെ എടക്കാട് പോലീസ് കേസെടുത്തത്. തിങ്കളാഴ്ച വൈകുന്നേരം 4.30 മണിക്കാണ് പരാതിക്കാസ് പദമായ സംഭവം. തോട്ടട ഗവ.ഹയർ സെക്കന്ററി സ്കൂൾ വരാന്തയിൽ വെച്ചാണ് സ്കൂൾ ഇലക്ഷനുമായി ബന്ധപ്പെട്ട് പ്രതികൾ തടഞ്ഞു നിർത്തി കൈകൊണ്ടും മണ്ണ് നിറച്ച പ്ലാസ്റ്റിക് ചെടിച്ചട്ടി കൊണ്ടും അടിച്ചു പരിക്കേപ്പിച്ചുവെന്ന പരാതിയിലാണ് കേസ്.

## ഇരിട്ടിയിൽ പരിഷത്ത് ഭവൻ



**ഇരിട്ടി:** കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഇരിട്ടി മേഖല കമ്മിറ്റിക്കായി ഇരിട്ടി കീഴൂരിൽ ആരംഭിച്ച ഇരിട്ടി പരിഷത്ത് ഭവൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.വി ദിവാകരൻ ഉദ്ഘാടനം ചെയ്തു. മുതിർന്ന പരിഷത്ത് പ്രവർത്തകൻ വിജയകുമാർ പരിയാരം അധ്യക്ഷനായി. കെ. സുരേശൻ, കെ.വി. സന്തോഷ്, എ.ആർ. സുജ, കെ.എൻ. രവീന്ദ്രനാഥ്, പി.ആർ. അശോകൻ, സി. പുരുഷോത്തമൻ, കെ.മോഹനൻ, പി.രവീന്ദ്രൻ എന്നിവർ സംസാരിച്ചു. ജില്ലാ പ്രസിഡന്റ് കെ.പി. പ്രദീപ് കുമാർ ശാസ്ത്ര ക്ലാസ്സ് അവതരിപ്പിച്ചു.

## രണ്ടുവയസ്സുള്ള കുട്ടിയുമായി യുവതി കാമുകനോടൊപ്പം മുങ്ങി

**കണ്ണൂർ:** രണ്ടുവയസ്സുള്ള കുട്ടിയുമായി യുവതി കാമുകനോടൊപ്പം ഒളിച്ചോടി. പൊയ്തുംകടവിലാണ് സംഭവം. ആസാം സ്വദേശിനിയായ 25 കാരിയാണ് കുട്ടിയെയും കൂട്ടി കൽക്കത്ത സ്വദേശിയോടൊപ്പം മുങ്ങിയത്. പ്ലൈവുഡ്സ് തൊഴിലാളിയായ ഭർത്താവ് വളപട്ടണം പോലീസ് പരാതി നൽകി.

ആവശ്യമുണ്ട്
കണ്ണൂർ ടൗണിനടുത്തായി ക്ലിനിക്ക് തുടങ്ങാൻ സൗകര്യപ്രദമായ റൂമുകൾ ഗ്രൗണ്ട് ഫ്ളോറിൽ ആവശ്യമുണ്ട്
9037946788

ക്വാർട്ടേഴ്സ് വിൽപനയ്ക്ക്
കണ്ണൂക്കര മാണിക്കക്കാവിനും ഫോറസ്റ്റ് ഓഫീസിനും മദ്ധ്യേ 8 1/4 സെന്റിൽ 4 എണ്ണം (30,000 രൂപ വാടക കിട്ടുന്ന)
9400078685

ബഹു: കണ്ണൂർ കുടുംബ കോടതി മുമ്പാകെ
OP. No. 876/2024
സീന വി സി – ഹരജിക്കാരി
വിപിൻ കുമാർ ടി – എതിർകക്ഷി
മേൽ നമ്പർ ഹരജി 02.09.2024–ന് വെച്ചിരിക്കുന്നു.
(ഒപ്പ്) ശ്രദ്ധ രാഘവൻ
ഹരജിഭാഗം അഡ്വക്കറ്റ്

പേയിംഗ് ഗസ്റ്റിനെ ആവശ്യമുണ്ട്
കണ്ണൂർ പടന്നപ്പാലം Sadananda Realtors–ൽ Mermaid Apartment ഫ്ളാറ്റിൽ പേയിംഗ് ഗസ്റ്റായി താമസിക്കാൻ സ്ഥിര വരുമാനമുള്ള ലേഡീസിനെ ആവശ്യമുണ്ട്
9747842780

# സിനിമയിൽ കുറേക്കാലമായി സജീവമല്ല: സുരേഷ്ഗോപി

# ഇരകൾക്ക് പരാതിയില്ലെങ്കിൽ കമ്മീഷൻ റിപ്പോർട്ടുകൊണ്ട് കാര്യമില്ല: സന്തോഷ് പണ്ഡിറ്റ്

**കൊച്ചി:** ഹേമാ കമ്മിറ്റി റിപ്പോർട്ട് ആദരിക്കപ്പെടേണ്ടതാണെന്നും അതിലെ തുടർ കാര്യങ്ങൾ സംഘടനകൾ തീരുമാനിക്കേണ്ടതാണെന്നും കേന്ദ്രമന്ത്രിയും നടനുമായ സുരേഷ് ഗോപി. സർക്കാർനിർദേശം കൂടി കണക്കിലെടുത്ത് സംഘടനകൾ തീരുമാനമെടുക്കണം. സിനിമാമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കുറേക്കാലമായി സജീവമല്ലാത്തതുകൊണ്ട് റിപ്പോർട്ടിലെ പരാമർശങ്ങളെക്കുറിച്ച് വ്യക്തമായി പറയാനാകില്ലെന്നും അദ്ദേഹം പറഞ്ഞു.



അതേസമയം ഹേമ കമ്മിറ്റി റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗൗരവമുള്ളതാണെന്ന് ഡി.വൈ.എഫ്.ഐ. സംസ്ഥാന സെക്രട്ടേറിയറ്റ്. റിപ്പോർട്ട് സർക്കാർ വിശദമായി പഠിച്ച് പ്രശ്നപരിഹാരമുണ്ടാക്കണം. സിനിമാമേഖലയിൽ സ്ത്രീകൾ കടുത്ത വിവേചനവും ലൈംഗികചൂഷണവും നേരിടുന്നതായും എതിർത്താൽ അവസരം നിഷേധിക്കുന്നതായും കാസ്റ്റിങ് കൗച്ച് ഉണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. കേരളത്തിന്റെ സാംസ്കാരികമുന്നേറ്റത്തിൽ നിർണായക പങ്കുള്ള സിനിമാരംഗത്തെ കളങ്കപ്പെടുത്തുന്നവർ നടപടിക്ക് വിധേയരാവണം. എല്ലാവരും മോശക്കാരാണെന്ന പ്രചാരണം പാടില്ലന്നും ഡി.വൈ.എഫ്.ഐ. ചൂണ്ടിക്കാട്ടി.



അതിനിടെ ചലച്ചിത്ര മേഖലയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നടൻ സന്തോഷ് പണ്ഡിറ്റിന്റെ ഫെയ്സ് ബുക്ക് പോസ്റ്റ്. വനിതകൾ വലിയ രീതിയിൽ ചൂഷണത്തിനിരയാകുന്നുവെന്നും ഒരു പതിനഞ്ചംഗ പവർ ടീമാണ് മലയാള സിനിമ നിയന്ത്രിക്കുന്നതെന്നും വാർത്തകൾ വന്നതിന് പിന്നാലെയാണ് സന്തോഷ് പണ്ഡിറ്റിന്റെ പ്രതികരണം. പ്രമുഖരുടെ ആരുടെയും പേര് പറയുന്നില്ലെങ്കിൽ ഇരകൾക്ക് പരാതിയില്ലെങ്കിൽ ഈ റിപ്പോർട്ട് കൊണ്ട് ഒരു ഗുണവുമുണ്ടാകില്ലെന്നാണ് അദ്ദേഹം ഫെയ്സ് ബുക്കിൽ പറയുന്നത്. കുറെക്കാലമായി ഏതൊക്കെയോ നടിമാരെ, ഏതൊക്കെയോ നടന്മാരും സംവിധായകരും ഏതൊക്കെയോ ഷൂട്ടിംഗ് ലൊക്കേഷനിൽവെച്ച് എവിടെയൊക്കെയോ കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ചു. പരാതിപ്പെട്ടാൽ അവസരം നഷ്ടപ്പെടുമോ, അല്ലെങ്കിൽ ജീവാപായം കാരണം ഇവരാരും സംഭവം പുറത്തുപറയാറില്ല. അദ്ദേഹം കൂട്ടിച്ചേർത്തു.

## തമിഴ് സിനിമയിലും 'വഴങ്ങൽ' വിവാദം

## അവസരങ്ങൾ പലതും വേണ്ടെന്നുവച്ചു'



**ചെന്നൈ:** തമിഴ് സിനിമാ മേഖലയിലും സ്ത്രീകൾ കാസ്റ്റിംഗ് കൗച്ച് പോലുള്ള അതിക്രമങ്ങൾ നേരിടുന്നുണ്ടെന്ന ആരോപണവുമായി പ്രമുഖ ചലച്ചിത്ര താരം സനം ഷെട്ടി. തമിഴ് സിനിമകളിൽ പ്രവർത്തിക്കുന്ന അഭിനേതാക്കളുടെ സുരക്ഷ ഉറപ്പാക്കാൻ വിശദമായ അന്വേഷണം നടത്തണമെന്നും താരം ആവശ്യപ്പെട്ടു. എനിക്ക് പലപ്പോഴും ഇത്തരം അനുഭവങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. വഴങ്ങേണ്ടി വരുമെന്ന് ബോദ്ധ്യപ്പെട്ടതോടെ പല സിനിമകളും വേണ്ടെന്ന് വച്ചു. വളരെയേറെ ഗൗരവകരമായ ഇത്തരമൊരു വിഷയത്തിൽ അന്വേഷണം നടത്തിയ ജസ്റ്റിസ് ഹേമയ്ക്കും ഇതിന് മുൻകൈയെടുത്ത നടിമാർക്കും നന്ദി, സനം പറഞ്ഞു. കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിലും സിനിമാ മേഖലയിലെ ചൂഷണങ്ങൾക്കുമെതിരെ പ്രതിഷേധം സംഘടിപ്പിക്കാനും സനം തീരുമാനിച്ചിട്ടുണ്ട്. വള്ളുവർ കോട്ടത്തിന് സമീപം റാലി നടത്തുന്നതിന് അനുമതി തേടി സിറ്റി പൊലീസ് കമ്മീഷണറുടെ ഓഫീസ് സന്ദർശിച്ചപ്പോഴാണ് അവർ മാദ്ധ്യമങ്ങളോട് ഇക്കാര്യം വ്യക്തമാക്കിയത്.

ഇന്ത്യയിലുടനീളമുള്ള സ്ത്രീകളുടെ സുരക്ഷയ്ക്ക് വേണ്ടിയും വർദ്ധിച്ചുവരുന്ന ബലാത്സംഗക്കേസുകൾ തടയുന്നതിനുമാണ് ഈ റാലിയെന്നും നടി പറഞ്ഞു. നവീന നങ്ങ്യാർ ഫൗണ്ടേഷൻ സ്ഥാപകയും മാനേജിംഗ് ട്രസ്റ്റിയുമായ ജി ഉമാ മഹേശ്വരി. ജനറൽ സെക്രട്ടറി എം എസ് സിംഗ തമിഴച്ചി എന്നിവരും വാർത്താ സമ്മേളനത്തിൽ സനത്തിനൊപ്പം പങ്കെടുത്തിരുന്നു. റാലി നടത്തുന്നതിനുള്ള തിയതി നൽകാൻ സിറ്റി പൊലീസ് കമ്മിഷണർ പറഞ്ഞിട്ടുണ്ടെന്നും സനം ഷെട്ടി വ്യക്തമാക്കി.

## നിക്ഷേപം തിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് നാളെ വഞ്ചനാദിനം ആചരിക്കും

**കണ്ണൂർ:** നിക്ഷേപം തിരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു നിയമ പോരാട്ടം നടത്തുന്ന പോൾസ് അഗ്രോ ടെക് കോർപറേഷൻ (പി.എ.സി.എൽ)ഫീൽഡ് വർക്കർമാരും നിക്ഷേപകരും നാളെ വഞ്ചനാദിനമായി ആചരിക്കുമെന്ന് സംയുക്ത സമരസമിതി നേതാക്കൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

അന്നേദിവസം രാവിലെ സ്റ്റേഡിയം കോർണർ പരിസരം കേന്ദ്രീകരിച്ച് ഹെഡ് പോസ്റ്റ് ഓഫിസിലേക്ക് പ്രതിഷേധ മാർച്ചും ധർണയും നടത്തും. സെബി നിരോധനം ഏർപ്പെടുത്തിയ ദിവസമാണ് വഞ്ചനാ ദിനമായി ആചരിക്കുന്നത് പി.എ.സി.എൽ ഫീൽഡ് അസോസിയേഷൻ നിക്ഷേപകരുടെ സംഘടനയായ എഫ്.എ.യു യുമായി ചേർന്നാണ് പ്രതിഷേധ ധർണ നടത്തുന്നത്. ചെയർമാൻ കെ.അശോകൻ സമരം ഉദ്ഘാടനം ചെയ്യും. പി. എ സി. എൽ കമ്പിനിയിൽ അഞ്ചുകോടി 80 ലക്ഷം പേരാണ് നിക്ഷേപം നടത്തിയത്. 53 ലക്ഷത്തിൽപ്പരം വരുന്ന ഫീൽഡ് അസോസിയേറ്റ്സ്മാരുടെ സഹായത്തോടെ 300 ൽ പരം കസ്റ്റമർ സർവീസ് സെന്ററുകളിലൂടെ നിക്ഷേപം കൈകാര്യം ചെയ്തത്. കേന്ദ്ര സർക്കാരിന്റെ ഖജനാവിലേക്ക് അടക്കേണ്ട നികുതികളും തീരുവകളും കൃത്യമായി അടക്കുകയും കാലാവധിയെത്തിയ നിക്ഷേപങ്ങൾക്ക് ലാഭവിഹിതത്തോടുകൂടി നിക്ഷേപകർക്ക് പരാതി രഹിതമായി തിരിച്ചു നൽകുകയും ചെയ്തു കൊണ്ടിരുന്ന സ്ഥാപനമാണ് പി.എ.സി.എൽ. വാർത്താ സമ്മേളനത്തിൽ പി.എ സി.എൽ-എഫ്.എ.യു സംയുക്ത സമരസമിതി ഭാരവാഹികളായ കെ.അശോകൻ, ആർ ഇ.രാധാകൃഷ്ണൻ പി.രാഘവൻ പി.ആർ കുട്ടികൃഷ്ണൻ എന്നിവർ പങ്കെടുത്തു.

## മൂന്ന് വാഹനങ്ങൾ അപകടത്തിൽപ്പെട്ടു; ഡ്രൈവർക്ക് പരിക്ക്

**പഴയങ്ങാടി:** പാലത്തിന് മുകളിൽ മൂന്നു വാഹനങ്ങൾ കൂട്ടിയിടിച്ച് അപകടം. കാർ ഡ്രൈവർക്ക് നിസ്സാര പരിക്കേറ്റു. ചരക്ക് ലോറിയും മിനി ലോറിയും കൂട്ടിയിടിച്ചു. തൊട്ടുപിന്നാലെയെത്തിയ കാർ മിനിലോറിക്ക് പിറകിൽ ഇടിക്കുകയായിരുന്നു.

ഇന്നലെ രാത്രി 11 മണിയോടെയാണ് അപകടം. കണ്ണൂർ ഭാഗത്തേക്ക് പോവുകയായിരുന്ന കെ.എൽ. 58 എ.ജെ.7271 നമ്പർ ലോറിയും പഴയങ്ങാടി ഭാഗത്തേക്ക് വരികയായിരുന്ന ജി.എ. 79.6666 നമ്പർ മിനിലോറിയും കൂട്ടിയിടിച്ചു. അപകടത്തിൽപ്പെട്ട മിനിലോറിയുടെ പിറകിൽ പഴയങ്ങാടി ഭാഗത്തേക്ക് വരികയായിരുന്ന കെ.എൽ .13. സെഡ്.2511 നമ്പർ കാർഇടിക്കുകയായിരുന്നു.





അപകടത്തിൽ കാർ തകർന്ന നിലയിലാണ്. ആളപായമുണ്ടായില്ല. അപകടത്തിൽ കാർ ഡ്രൈവർക്ക് നിസ്സാര പരിക്കേറ്റു. അപകടത്തെ തുടർന്ന് അരമണിക്കൂറോളം വാഹന ഗതാഗതം തടസ്സപ്പെട്ടു. പഴയങ്ങാടി പോലീസ് സ്ഥലത്തെത്തി വാഹനങ്ങൾ കസ്റ്റഡിയിലെടുത്തു.

## ജുന അഖാരയിലെ മഹാമണ്ഡലേശ്വര് ബാബ അന്തരിച്ചു



**ന്യൂഡൽഹി:** ജുന അഖാരയിലെ മഹാമണ്ഡലേശ്വർ ബാബ (86) അന്തരിച്ചു. ദീർഘനാളത്തെ അസുഖത്തെ തുടർന്ന് മുംബൈയിലെ കോകിലാബെൻ ധീരുഭായ് അംബാനി ആശുപത്രിയിലായിരുന്നു അന്ത്യം. ഹരിദ്വാറിലായിരിക്കും അന്ത്യ കർമ്മങ്ങൾ

ഇന്ത്യൻ എയർഫോഴ്സിൽ വിംഗ് കമാൻഡറായിരുന്ന അദ്ദേഹം 1965-ലെയും 1971-ലെയും യുദ്ധങ്ങളിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 1957 ലാണ് അദ്ദേഹം ഇന്ത്യൻ വ്യോമസേനയിൽ ചേർന്നത്.

1996-ൽ ഇന്ത്യയുടെ വടക്ക്-കിഴക്ക് ഭാഗത്ത് മിഗ് വിമാനം പറത്തുമ്പോൾ അദ്ദേഹത്തിന് ഒരു അപകടം സംഭവിച്ചു. വിമാനത്തിന് നിയന്ത്രണം നഷ്ടപ്പെട്ടിരുന്നു. ആ സമയത്ത് ബാബ തന്റെ ഗുരു ഹരി ഗിരി മഹാരാജിന്റെ ദർശനം ലഭിച്ചതായും,അവിടെ നിന്ന് രക്ഷപെട്ടതായും അദ്ദേഹം പറഞ്ഞിരുന്നു.പൈലറ്റ് ബാബ എന്ന പേരിലും അദ്ദേഹം അറിയപെട്ടിരുന്നു.

## കാംഭസാർ; കടമുറികൾ ലേലത്തിൽ പോകുന്നില്ല , കുടുക്കിൽപ്പെട്ട് വ്യാപാരികൾ

**കണ്ണൂർ** : കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കാം ഭസാർ മാർക്കറ്റിലെ കടമുറികൾ പലതും ലേലത്തിൽ പോകാത്തതും ഇവിടെ ഒരു ഗോഡൗൺ നിർമ്മിക്കുന്നതും വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ദുരിതമാവുന്നു. ലേലത്തിൽ പോകാത്ത മുറികൾ അടച്ചിട്ടിരിക്കുകയാണ്. ഇതിനിടയിലാണ് താഴത്തെ നിലയിൽ മാർക്കറ്റിനകത്തെ എൻട്രൻസിൽ ഒരു മുറികൂടി പണിയുന്നത്. തീപിടുത്തമോ മറ്റോ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിന് ഇത് തടസ്സമാവും. മാർക്കറ്റിലെത്തുന്ന ഉപഭോക്താക്കൾ അസൗകര്യങ്ങളാൽ വലയുകയാണ്. കോർപ്പറേഷൻ അധികൃതർ ലേല തുക കുറച്ചിട്ട് പോലും കടമുറികൾ വാടകയ്ക്കെടുക്കാൻ ആരും തയ്യാറല്ല. മറ്റ് ജില്ലാ ആസ്ഥാനങ്ങളിലെ മാർക്കറ്റുകൾ കാലോചിതമായി നവീകരിച്ച് എല്ലാ വിധ സൗകര്യങ്ങളും ഒരുക്കുമ്പോൾ കണ്ണൂരിൽ കാം ഭസാർ മാർക്കറ്റിനോട് അവഗണന തുടരുകയാണ്.

## വാച്ചർമാർ വനം വകുപ്പ് ഓഫീസിലേക്ക് മാർച്ച് നടത്തി

**കണ്ണൂർ:** കേരള സ്റ്റേറ്റ് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ(എഐടിയുസി)നേതൃത്വത്തിൽ ജില്ലാ വനംവകുപ്പ് ഓഫീസിലേക്ക് മാർച്ച് നടത്തി. ഫോറസ്റ്റ് വാച്ചർമാരുടെ ശമ്പള കുടിശിക ഉടൻ നൽകുക, പ്രതിമാസം 26 ദിവസത്തെ ശമ്പളം നൽകുക, വാച്ചർമാർക്കുള്ള ഐഡന്റിറ്റി കാർഡ് ഉടൻ വിതരണം ചെയ്യുക, ശമ്പളം യഥാസമയം വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം. ഓഫീസിനു മുന്നിൽ എഐടിയുസി ജില്ലാ ജനറൽ സെക്രട്ടറി കെ ടി ജോസ് സമരം ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ലാ സെക്രട്ടറി യു സഹദേവൻ അധ്യക്ഷനായി. ബിനോയ് കെ സി, മജൂംദാർ എം ജി എന്നിവർ സംസാരിച്ചു. ഗംഗാധരൻ വി കെ, ബിനോയ് ഇരിട്ടി, വിജേഷ് തോലാമ്പ്ര തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി.തൊഴിലാളികൾ നാളെ മുതൽ ജില്ലയിൽ അനിശ്ചിതകാല പണിമുടക്ക് ആരംഭിക്കാനിരിക്കേ ജില്ലാ ഫോറസ്റ്റ് ഓഫീസർ വൈശാഖ് സംഘടനാ നേതാക്കളെ ചർച്ചക്ക് വിളിച്ചിട്ടുണ്ട്.

## തളിപ്പറമ്പ് നഗരത്തിൽ വിദ്യാർത്ഥികൾ ഏറ്റുമുട്ടി

**തളിപ്പറമ്പ്:** തളിപ്പറമ്പ് മൂത്തേടത്ത് എച്ച്.എസ്.എസിലെ പൂർവ്വ വിദ്യാർത്ഥികളും പത്താംക്ലാസ് വിദ്യാർത്ഥികളും പട്ടാപ്പകൽ നടുറോഡിൽ ഏറ്റുമുട്ടി. ഇന്നലെ വൈകുന്നേരം ബസ്റ്റാന്റ് പരിസരത്തെ മിൽമാ ബൂത്തിന് സമീപത്താണ് സംഭവം നടന്നത്. കഴിഞ്ഞ വർഷം 10-ക്ലാസിൽ നിന്നും വിജയിച്ച് ഇപ്പോൾ മറ്റൊരു സ്കൂളിൽ പ്ലസ് വണ്ണിന് പഠിക്കുന്ന വിദ്യാർത്ഥികളിൽ ചിലർ 10-ാം ക്ലാസിലെ ഒരു വിദ്യാർത്ഥിനിയെ ശല്യം ചെയ്യുന്നതായി ആരോപിച്ചാണ് ഇരുവിഭാഗവും ഏറ്റുമുട്ടിയത്. 8 പൂർവ്വ വിദ്യാർത്ഥികളാണ് പെൺകുട്ടിയെ ശല്യം ചെയ്യുന്ന സംഘത്തിൽ ഉണ്ടായിരുന്നത്. വിവരമറിഞ്ഞെത്തിയ നാട്ടുകാരും പി.ടി.എ ഭാരവാഹികളും അധ്യാപകരുമാണ് വിദ്യാർത്ഥികളെ പിന്തിരിപ്പിച്ചത്. പോലീസ് ഇന്ന് ഇരുവിഭാഗത്തേയും സ്റ്റേഷനിലേക്ക് വിളിപ്പിച്ചിട്ടുണ്ട്.

## പോലീസ് സംഘത്തെ കയ്യേറ്റംചെയ്യാൻ ശ്രമിച്ച മൂന്ന് പേർക്കെതിരെ കേസ്

**പയ്യന്നൂർ:** രാത്രി കാലപട്രോളിംഗിനിടെ പോലീസ് സംഘത്തെ ഡ്യൂട്ടി തടസ്സപ്പെടുത്തി കയ്യേറ്റത്തിന് മുതിർന്ന മൂന്നു പേർക്കെതിരെ പയ്യന്നൂർ പോലീസ് കേസെടുത്തു.

രാമന്തളികക്കം പാറയിലെ വിപിൻ, വൈശാഖ്, നിതിൻ കുമാർ എന്നിവർക്കെതിരെയാണ് പയ്യന്നൂർ സ്റ്റേഷൻ ഇൻസ്പെക്ടർ കെ. പി. ശ്രീഹരിയുടെ പരാതിയിൽ കേസെടുത്തത്. മയക്കുമരുന്ന് വേട്ടയുടെ ഭാഗമായി ഓപ്പറേഷൻ ഡി. ഹണ്ട് പട്രോളിംഗിനിടെ ഇന്നലെ രാത്രി 10.55 മണിയോടെ രാമന്തളി കക്കംപാറസ്വാമിമഠം ബസ് സ്റ്റോപ്പിന് സമീപത്താണ് സംഭവം. സ്ഥലത്ത് നിർത്തിയിട്ട നിലയിൽ കാണപ്പെട്ട കെ. എൽ. 86.ബി.5803 നമ്പർ ഓട്ടോയിലുണ്ടായിരുന്ന മൂന്നു പേരേയും പരിശോധിക്കാനെത്തിയ പോലീസ് സംഘത്തെ പിടിച്ച് തള്ളി ഡ്യൂട്ടി തടസ്സപ്പെടുത്തിയതോടെ പോലീസ് നൈറ്റ് പട്രോളിംങ്ങ് ഓഫീസർക്ക് വിവരം കൈമാറുകയായിരുന്നു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ നൈറ്റ് പട്രോളിംഗ് ഓഫീസറേയും തള്ളിമാറ്റിയ യുവാക്കൾ ഇരുളിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് പ്രതികൾക്കെതിരെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് കേസെടുക്കുകയായിരുന്നു.

## വനിതാ കമ്മീഷൻ സിറ്റിംഗിൽ 53 പരാതികൾ

**കണ്ണൂർ:** വനിതാ കമ്മീഷൻ സിറ്റിംഗ് കണ്ണൂരിൽ ആരംഭിച്ചു. കമ്മീഷൻ അംഗം കുഞ്ഞായിഷ ആണ് പരാതികൾ പരിഗണിക്കുന്നത്. കലക്ടറേറ്റ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സിറ്റിംഗിൽ മൊത്തം 53 പരാതികളാണ് പരിഗണനക്ക് വന്നത്. അഡ്വ. പ്രമീള,അഡ്വ. പദ്മജ, കൗൺസലർ മാനസ എന്നിവരും സിറ്റിംഗിൽ പങ്കെടുത്തു. നാളെ നെയ്ത്ത് മേഖലയിലെ വനിതകൾ നേരിടുന്ന വിഷയങ്ങളിൽ കമ്മീഷൻ അദാലത്ത് സംഘടിപ്പിക്കും. രാവിലെ 10 ന് ചിറക്കൽ ബേങ്ക് ഓഡിറ്റോറിയത്തിലാണ് പരിപാടി.

## ചരമം



**നാരായണൻ**

**തളിപ്പറമ്പ്:** പന്നിയൂർ കാലിക്കടവിലെ പി.വി.നാരായണൻ (78)നിര്യാതനായി.

ഭാര്യ: ദേവി. (കുറുമാത്തൂർ പഞ്ചായത്ത് മുൻ മെമ്പർ).

മക്കൾ: മനോഹരൻ. ദിനേശൻ, സുശീല, പ്രേമ, പ്രതീശൻ. മരുമക്കൾ:ലക്ഷ്മണൻ, പ്രേമൻ, രാഗിണി,സുജാത, സിനി. സഹോദരങ്ങൾ: പി.വി.രാഘവൻ, ചേയിക്കുട്ടി, ജാനകി. സംസ്കാരം ഇന്ന് 3 മണിക്ക് കാലിക്കടവ് പൊതു ശ്മശാനത്തിൽ

## എസ് പിയെ അധിക്ഷേപിച്ചതിന് എം എൽ എ മാപ്പ് പറയണം: ഐപിഎസ് അസോസിയേഷൻ

**കണ്ണൂർ:** പൊലീസ് അസോസിയേഷൻ സമ്മേളന വേദിയിൽ ജില്ലാ പൊലീസ് മേധാവി എസ്.ശശിധരനെ പരസ്യമായി അധിക്ഷേപിച്ച പി.വി.അൻവർ എം.എൽ.എയുടെ നടപടിയിൽ പ്രതിഷേധം. എംഎൽഎക്കെതിരെ ഐപിഎസ് അസോസിയേഷൻ പ്രമേയം പാസാക്കി. ഐപിഎസ് ഉദ്യോഗസ്ഥരെ പൊതുവിൽ അപകീർത്തിപ്പെടുത്താനാണ് പി വി അൻവർ ശ്രമിച്ചതെന്ന് പ്രമേയത്തിൽ പറയുന്നു.'മലപ്പുറം എസ്.പിയെ പല മാർഗത്തിൽകൂടി സ്വാധീനിക്കാൻ ശ്രമിച്ചതായി പി വി അൻവർ എംഎൽഎ പരസ്യമായി സമ്മതിക്കുകയായിരുന്നു. നിയമരാഹിത്യത്തിന്റെ ഭീതിതമായ സ്ഥിതിയാണ് എംഎൽഎ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്. പി വി അൻവർ നടത്തിയ പ്രസ്താവന പിൻവലിച്ച് പൊതുമദ്ധ്യത്തിൽ മാപ്പ് പറയണം. നിയമവ്യവസ്ഥ ഉയർത്തി പിടിക്കാൻ എംഎൽഎ തയ്യാറാകണം'- എന്നാണ് പ്രമേയത്തിൽ വ്യക്തമാക്കുന്നത്.

എംഎൽഎക്കെതിരെ മുഖ്യമന്ത്രിക്ക് പരാതി നൽകുമെന്നും അസോസിയേഷൻ അറിയിച്ചു.സമ്മേളനത്തിൽ അൻവർ ഉദ്ഘാടകനും എസ്.പി മുഖ്യപ്രഭാഷകനുമായിരുന്നു. എസ്.പിയെ ഒരുമണിക്കൂറോളം കാത്തിരിക്കേണ്ടിവന്നതും തന്റെ പാർക്കിലെ റോപ് മോഷണം പോയതിൽ പ്രതിയെ പിടികൂടാത്തതുമാണ് അൻവറിനെ ചൊടിപ്പിച്ചത്. സർക്കാരിനും മുഖ്യമന്ത്രിക്കുമെതിരെ ജനങ്ങളുടെ മനോവികാരമുണ്ടാക്കാൻ പൊലീസിൽ ചിലർ ശ്രമിക്കുന്നെന്ന് വിമർശിച്ചു. എസ്.പി ബോധപൂർവം പരിപാടിയിൽ വൈകിയെത്തിയെന്നും ആരോപിച്ചു.

## ഗതാഗതം നിരോധിച്ച നെടുംപൊയിൽ ചുരം റോഡിന്റെ പ്രവൃത്തി ആരംഭിച്ചു

**പേരാവൂർ:** കനത്ത മഴയിൽ വിള്ളൽ വീണ് മൂന്നാഴ്ചയോളമായി ഗതാഗതം നിർത്തിവെച്ച തലശ്ശേരി- ബാവലി റോഡിന്റെ ഭാഗമായ നിടുംപൊയിൽ ചുരം റോഡിന്റെ പ്രവർത്തി ആരംഭിച്ചു. കഴിഞ്ഞമാസം 30ന് വിള്ളൽ ഉണ്ടായ ഭാഗത്താണ് നിലവിൽ പ്രവർത്തി നടത്തുന്നത്.

കനത്ത മഴയിൽ നാൽപ്പത് മീറ്ററിലധികം നീളത്തിലാണ് ചുരത്തിലെ ഇരുപത്തി ഒൻപതാം മൈലിലെ നാലാം വളവിൽ റോഡിൽ വിള്ളൽ വീണത്. റോഡിന്റെ ഒരു ഭാഗത്തെ സംരക്ഷണ ഭിത്തിയടക്കം വിണ്ടു വേർപെട്ട നിലയിലാണ്. ചില ഭാഗങ്ങളിൽ വലിയ ഗർത്തം തന്നെ രൂപപ്പെട്ടിട്ടുണ്ട്. ഇതോടെ അപകടഭീഷണിയിലായ റോഡിൽ വാഹനഗതാഗതം പൂർണ്ണമായും നിരോധിച്ചിരുന്നു. വാഹന ഗതാഗതം നിരോധിച്ചതോടെ പ്രദേശവാസികൾ കടുത്ത യാത്രാ ദുരിതം അനുഭവിക്കുകയാണ്. വിള്ളൽ വീണ ഭാഗത്തെ മണ്ണ് നീക്കം ചെയ്യുന്ന പ്രവർത്തിയാണ് ഇപ്പോൾ നടക്കുന്നത്. പഞ്ചായത്ത് അംഗം ജിമ്മി എബ്രഹാം, കണിച്ചാർ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ഷീല ചോറൻ, അസിസ്റ്റന്റ് എൻജിനീയർ വി. വി. പ്രസാദ് എന്നിവർ സ്ഥലത്ത് എത്തി.



## സാർവ്വജനീക ഗണേശോത്സവം ഇത്തവണ പരിമിതപ്പെടുത്തും

**കണ്ണൂർ:** വിവിധ ക്ഷേത്രങ്ങളുടെയും ഗ്രാമ കൂട്ടായ്മയുടെയും ആഭിമുഖ്യത്തിൽ നിരവധി വർഷങ്ങളായി കണ്ണൂർ നഗരം കേന്ദ്രീകരിച്ചു നടത്തിവരാറുള്ള സാർവ്വജനീക ഗണേശോത്സവം വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരിമിതപ്പെടുത്തുമെന്ന് സംഘാടക സമിതി ഭാരവാഹികൾ കണ്ണൂർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. വിവിധ ഹൈന്ദവ സംഘടനകളുടെ നിർദ്ദേശം സ്വീകരിച്ചു കൊണ്ടു ആർഭാടമായി നടത്തേണ്ടതില്ലെന്നും സാധാരണ നടത്താറുള്ള ഗണപതി പൂജ പ്രഭാഷണങ്ങൾ അന്നദാനം, പായസദാനം എന്നിവയും വിഗ്രഹ നിമഞ്ന രഥ ഘോഷയാത്രയും ഭക്ത്യാദരവോടെ നടത്താനുമാണ് തീരുമാനം.

വയനാട് ജില്ലയെ സഹായിക്കുന്നതിനായി സർക്കാരും സന്നദ്ധ സംഘടനകളും ചെയ്യുന്ന സഹായ ധനമെത്തിക്കൽ പരിപാടിയിൽ ഗണേശ സേവാ കേന്ദ്രവും പങ്കാളികളാവും. സെപ്തംബർ ഏഴ്, എട്ട് ഒൻപത് തീയ്യതികളിൽ ഗണേശ ഉത്സവം നടക്കും ഒൻപതിന് വൈകുന്നേരം നാലുമണിക്ക് വിവിധ ഇടങ്ങളിൽ നിന്നും താളിക്കാവിൽ സംഗമിച്ച് പയ്യാമ്പലത്തേക്ക് നിമഞ്ജന ഘോഷയാത്ര നടക്കും.

കണ്ണൂർ ജില്ലയിൽ 86 കേന്ദ്രങ്ങളിൽ ഇക്കുറി ഗണേശോത്സവം നടക്കുമെന്ന് സംഘാടകർ അറിയിച്ചു വാർത്താ സമ്മേളനത്തിൽ സംഘാടക സമിതി പ്രസിഡന്റ് കെ.വി ജയരാജൻ മാസ്റ്റർ സെക്രട്ടറി കെ.വി സജീവൻ കൺവീനർ പ്രജിത്ത് പള്ളിക്കുന്ന് ജോയന്റ് സെക്രട്ടറി രാഗേഷ് ആയിക്കര സംഘാടക സമിതി രക്ഷാധികാരി പി ആർ രാജൻ എന്നിവർ പങ്കെടുത്തു.

റൂമുകൾ വാടകയ്ക്ക്

കണ്ണൂർ ജൂബിലി ബസാറിൽ 2nd & 3rd Floor-ൽ 200 Sq/ft,
അൽഫാ കോംപ്ലക്സിൽ 1st Floor-ൽ 200 Sq/ft,
Fortlight Complex-ൽ 200 Sq/ft

9037407128
9895804563

Printed and Published by Jyothi Madhavan U. on behalf of Sudinam Publishers. Published from Kannur and Printed at Jyothi Printers, Sudinam Compound, Fort Road, Kannur-670001.
Editor: Babu Gopinath (Editor responsible for selection of news under PRB Act) Phone: 0497-2961825, 0497-2702181(News), RNI. Reg. No.44661/86